ക്രിസ്ത്യൻ വേൾഡ്
Christian World
ക്രൈസ്തവ മാധ്യമം

2018 മാർച്ച് 1 | വാല്യം 13 | ലക്കം 3 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2018-2020 | പേജ് 8



# സഹോദരാ... മാപ്പ്...

**"നിങ്ങൾ എന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ? നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴന്നെടുക്കുന്നോ..." എന്നു വിലപിച്ച കവി കടമ്മനിട്ടയുടെ വരികൾ ഇവിടെ പ്രതിധ്വനിക്കുകയാണ്.**

**ഷിബു മുള്ളംകാട്ടിൽ**

രണ്ടു കിലോഗ്രാം അരി, നൂറുഗ്രാം മല്ലിപ്പൊടി, ചെറിയൊരു ടോർച്ച്, ഒരു മൊബൈൽ ചാർജർ ഇത്രയുമാണ് ആൾക്കൂട്ടം ചേർന്ന് അക്രമിക്കുമ്പോൾ അട്ടപ്പാടി മധുവിന്റെ സഞ്ചിയിൽ ഉണ്ടായിരുന്നത്. വിശന്നുപൊരിഞ്ഞ ഈ ഇരുപത്തേഴുകാരന് 'വധശിക്ഷ' വിധിക്കാൻ ജനം ആരോപിച്ച കുറ്റം ഇതുമാത്രമായിരുന്നു! കോടികൾ കട്ടുമുടിക്കുന്നവർ വിഐപികളായി വിലസുമ്പോൾ അതിജീവനത്തിനായി അല്പം അന്നം കട്ടു എന്നതു മധുവിനെ മണ്ണിലേക്കു യാത്രയാക്കി. ദേഹമാകെ അടിയേറ്റ മധുവിന്റെ വാരിയെല്ലു പൊട്ടിയിരുന്നു. തലയ്ക്കേറ്റ ശക്തമായ മർദനത്തിലുണ്ടായ ആന്തരിക രക്തസ്രാവമാണ് മരണത്തിലേക്കു നയിച്ചതെന്ന് പറയപ്പെടുന്നു.

പട്ടിണിക്കാരനെ പട്ടാപ്പകൽ പച്ചയ്ക്ക് കൊല്ലുക എന്നത് സാക്ഷരകേരളത്തിന്റെ വികൃതമുഖമാണ് വെളിപ്പെടുത്തുന്നത്. "നിങ്ങൾ എന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ? നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴന്നെടുക്കുന്നോ..." എന്നു വിലപിച്ച കവി കടമ്മനിട്ടയുടെ വരികൾ ഇവിടെ പ്രതിധ്വനിക്കുകയാണ്. ബീഹാറിലും ഉത്തർപ്രദേശിലും ദളിതരെയും ദരിദ്രരെയും അടിച്ചുകൊല്ലുന്നതിൽ ഉത്ക്കണ്ഠപ്പെട്ട നാം ഇപ്പോൾ ലജ്ജകൊണ്ടു തലതാഴ്ത്തുന്നു. പോക്കറ്റടിച്ചെന്ന് ആരോപിച്ച് രഘു എന്ന യുവാവിനെ ഏഴുവർഷം മുൻപ് പെരുമ്പാവൂർ ബസ്സ്റ്റാൻഡിൽ അടിച്ചുകൊന്ന സംഭവം നാം മറന്നിട്ടില്ല. നിയമവാഴ്ചയ്ക്ക് ഇവിടെ സംവിധാനം ഉള്ളപ്പോൾ സ്വയം പൊലീസും ജഡ്ജിയും ചമയുന്ന സദാചാരഗുണ്ടകൾക്ക് കൂച്ചുവിലങ്ങിട്ടില്ലെങ്കിൽ സാംസ്കാരിക കേരളം ഭ്രാന്താലയമായി മാറും!

ഫെബ്രുവരി 22 നാണു മധു എന്ന ആദിവാസി യുവാവിനെ കണ്ണിൽചോരയില്ലാത്ത ഒരുപറ്റം ആളുകൾ തല്ലിക്കൊല്ലുന്നത്. അടുത്തദിനം പുറത്തിറങ്ങിയ കേരളത്തിലെ പ്രമുഖ വർത്തമാനപ്പത്രങ്ങൾ ആ വാർത്ത തമസ്കരിച്ചു. പലരും രണ്ടുകോളം വാർത്തയിൽ ഒതുക്കിയപ്പോൾ സമൂഹമാധ്യമങ്ങളിലൂടെ സാധാരണക്കാർ വിഷയം ജനഹൃദയങ്ങളിലെത്തിച്ചു. അതോടെ നമ്മുടെ മാധ്യമങ്ങൾ ഉണർന്നു. 24-ാം തീയതി എഡിറ്റോറിയൽ സഹിതം ലീഡ് വാർത്തയാക്കാൻ വാർത്താമാധ്യമങ്ങൾ മത്സരിച്ചു. രാഷ്ട്രീയക്കാരും ഭരണാധികാരികളും പൂങ്കണ്ണീരുമായി മധുവിന്റെ കുടിലിൽ എത്തി. സമൂഹമാധ്യമങ്ങളെ പലരും ദുർവിനിയോഗം ചെയ്യുന്ന ഈ കാലയളവിൽ അതിന്റെ ഗുണവശങ്ങളിലേക്കു വെളിച്ചം പകരുന്ന സംഭവമായി ഇതിനെ വിശേഷിപ്പിക്കാം.

**സെൽഫി തന്നെ വില്ലൻ**

ബന്ധനസ്ഥനും നിസഹായനുമായി നിന്ന മധുവിനൊപ്പം സെൽഫിയെടുത്ത് സമൂഹമാധ്യമങ്ങളിൽ പോസ്റ്റിട്ടവർ തീർച്ചയായും ഒരുതരം മാനസിക രോഗികളാണ്. അവർ വിദ്യാസമ്പന്നരും സാമ്പത്തിക അടിത്തറയുള്ളവരും ആയിരിക്കാം. വേദനകൊണ്ടു പുളയുന്ന സഹജീവിയുടെ അരികിൽനിന്ന് അട്ടഹസിക്കുന്ന ഇവരെ എന്താണ് വിശേഷിപ്പിക്കേണ്ടത്? മൃഗീയം എന്നുവിളിച്ചാൽ മൃഗങ്ങൾക്കുപോലും നാണക്കേടാണ്.

സഹോദരങ്ങളുടെ വീഴ്ചകളും വേദനകളും പ്രചരിപ്പിക്കുന്ന സെൽഫിക്കാർ നമ്മുടെ ഇടയിലുമുണ്ട്. തിരുവചനത്തിൽ ഇക്കൂട്ടരെ പരിഹാസികൾ എന്നാണു വിശേഷിപ്പിക്കുന്നത്. ഇത്തരക്കാരെ തിരിച്ചറിഞ്ഞ് അവരിൽനിന്നും അകലംപാലിക്കുന്നതാണ് ദൈവമക്കൾക്ക് ഭൂഷണം. 'ആരാന്റമ്മയ്ക്ക് ഭ്രാന്തു വന്നാൽ കാണാൻ നല്ല ശേലാണ്' എന്ന മനോവികാരമുള്ളവർ സ്വയം കുഴിതോണ്ടുകയാണ്. സഹോദരങ്ങൾക്ക് നന്മയായി ഒന്നും ചെയ്യാൻ കഴിയുന്നില്ലെങ്കിലും അവരെ തളർത്താൻ നമ്മുടെ ചെയ്തികൾ ഇടയാക്കരുത്. നാളെ ആർക്ക് എന്ത് സംഭവിച്ചുകൂടാ എന്ന തിരിച്ചറിവ് നമ്മെ ഭരിക്കട്ടെ. നാം നിലനിൽക്കുന്നത് ദൈവത്തിന്റെ അളവറ്റ കൃപാകടാക്ഷംകൊണ്ടു മാത്രമാണ്.

**പാവപ്പെട്ടവർ വേണ്ടപ്പെട്ടവർ**

ആദിവാസി ക്ഷേമത്തിനായി കോടിക്കണക്കിനു രൂപയാണ് സർക്കാർ വകയിരുത്തുന്നത്. ആ ഭീമമായ തുകയെ ആദിവാസികളുടെ എണ്ണംകൊണ്ടു ഭാഗിച്ചാൽ അവർ ഓരോരുത്തരും ലക്ഷപ്രഭുക്കളാണ്. പക്ഷേ, പാവം ആദിവാസികൾ ഇന്നും പട്ടിണിയിലാണ്. കേരളത്തിലെ ചില ആദിവാസിക്കുടിലുകൾ സന്ദർശിച്ചപ്പോൾ ഞാൻ കണ്ടത് ദാരിദ്ര്യത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ഭീകരമുഖമാണ്. പട്ടിണിമരണം സംഭവിക്കുമ്പോൾ മാത്രമാണ് പുറംലോകം അറിയുന്നത്. ആദിവാസികളുടെ ഭൂമിയും ജൈവവിഭവങ്ങളും ചൂഷണംചെയ്തവരാണ് ഇവിടെ വിചാരണ ചെയ്യപ്പെടേണ്ടത്. സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന കുറെയാളുകൾ പാവങ്ങളെ വെറും പാവകളായി കരുതുകയാണ്.

ദൈവം പാവപ്പെട്ടവന്റെ കൂടെ ദൈവമാണെന്ന തിരിച്ചറിവ് നമ്മുടെയിടയിലും ഉണ്ടാകണം. സഭാതലങ്ങളിലും ഈ വേർതിരിവ് പ്രത്യക്ഷമായി കാണുന്നുണ്ട്. എന്തായാലും എല്ലാവരും ലക്ഷ്യമാക്കുന്ന നിത്യതയിൽ ഈ അന്തരം ഉണ്ടാകില്ല. പണത്തിന്റെയും ഇവിടുത്തെ സ്റ്റാറ്റസിന്റെയും അടിസ്ഥാനത്തിൽ പ്രത്യേക ഗ്രൂപ്പുകൾ അവിടെയില്ല എന്ന സത്യം വിസ്മരിച്ചുകൂടാ.

സമൂഹത്തിൽ ചൂഷണംചെയ്യപ്പെടുന്നവരും പാർശ്വവത്ക്കരിക്കപ്പെട്ടവരും നമ്മുടെ സഹോദരങ്ങളാണ്. ഇവരെ അവഗണിച്ചുള്ള നമ്മുടെ പ്രയാണം ക്രിസ്തീയമല്ല. ക്രിസ്തുനാഥന്റെ മൊഴികൾ ഇവിടെ പ്രസക്തമാണ്. "എനിക്കു വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല, ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നില്ല, അതിഥിയായിരുന്നു നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല. രോഗിയായും തടവിലും ആയിരുന്നു നിങ്ങൾ എന്നെ കാണാൻ വന്നില്ല. ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാത്തിടത്തോളമെല്ലാം എനിക്ക് ആകുന്നു ചെയ്യാത്തത് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നുത്തരം അരുളി."

ക്രിസ്ത്യൻ വേൾഡ്
1193 കുംഭം - മീനം



## വചനചത്തിലേക്കു മടങ്ങുക

ആദിമവിശുദ്ധിയും വേർപാടും നഷ്ടമാക്കി ആത്മികതയെ അഭിനയമാക്കി മുൻപോട്ടു പോകുന്ന പെന്തെക്കോസ്തിന്റെ ഇന്നത്തെ പോക്ക് അപകടത്തിലേക്കാണ്. വചനധ്യാനം, വേദപാരായണം, വചനശുശ്രൂഷ എന്നിവയൊക്കെ വളരെ ഭംഗിയായി നിർവഹിച്ചിരുന്ന കാലം മറക്കാറായിട്ടില്ല. ദിനംപ്രതി വചനംവായിക്കുന്നവരും ധ്യാനിക്കുന്നവരും ഇന്നു ചുരുക്കമാണ്. രണ്ടോ മൂന്നോ പ്രസംഗം ഉണ്ടെങ്കിൽ ഏതുവേദിയും കീഴടക്കുന്ന പ്രസംഗകരും വർധിച്ചുവരുന്നു. ഇവരുടെ സന്ദേശങ്ങളിൽ യേശു ഉയർത്തപ്പെടുന്നില്ല എന്നതാണു ഏറ്റവും ഖേദകരമായ വസ്തുത. സ്വന്തമഹിമയും പാരമ്പര്യവുമൊക്കെ പറഞ്ഞ് ജനത്തെ ബുദ്ധിമുട്ടിക്കുന്ന ഇത്തരം പ്രസംഗകരെ പ്രസംഗവേദികളിൽ നിന്നും പരമാവധി ഒഴിവാക്കണം. വൃഥാവാചാലന്മാരും കിഴവിക്കഥകൾ 'ഇപ്പോൾ പിടിച്ച മീനെ'പ്പോലെ അവതരിപ്പിക്കുന്നവരുമുണ്ട്. പ്രസംഗശാസ്ത്രം പഠിച്ചാൽപോലും അതിനോടു നീതിപുലർത്തുന്നില്ല. വചനം നന്നായി പഠിപ്പിക്കേണ്ടവർ വചനം പഠിപ്പിക്കാതെ മറ്റുപല കാര്യങ്ങളും പറഞ്ഞ് സമയം നഷ്ടമാക്കുന്നു. സഭാകൂട്ടായ്മകളിലേക്കു പോകാൻ ആളുകൾ മടിക്കുന്നു.

അറുബോറൻ പ്രസംഗം കേൾക്കാൻ അവർ ആഗ്രഹിക്കുന്നില്ല. ജീവിതപ്രാരാബ്ധങ്ങൾക്കിടയിൽ പങ്കെടുക്കുന്ന യോഗങ്ങളിൽ തങ്ങൾക്കുള്ള ആശ്വാസവചനം ഇവർക്കു ലഭിക്കുന്നില്ല. പകരം കുത്തുവാക്കും ശകാരവുമെല്ലാം കേട്ട് ഹൃദയം കഠിനപ്പെടുകയും സഭാനേതൃത്വത്തോടു പോലുമുള്ള ബഹുമാനം നഷ്ടപ്പെടുകയും ചെയ്യുന്നു. സത്യം സത്യമായി വചനം പ്രസംഗിക്കേണ്ടവർ അസത്യത്തെ സത്യമായി ചിത്രീകരിക്കാൻ ശ്രമിക്കുന്നു. പ്രസംഗവും ജീവിതവും തമ്മിൽ ഇന്ന് യാതൊരു ബന്ധവും ഇല്ലാതായിരിക്കുന്നു. സ്റ്റേജുകൾ തകർത്താടുന്നവരിൽ പലരും പൊതുജനത്തിന്റെ കൈയടിമാത്രം ആഗ്രഹിക്കുന്നവരാണ്. അവരുടെ പോക്കറ്റും വയറും നിറഞ്ഞാൽ സന്തോഷമാണ്.

ആദിമസഭയിൽ ഉണ്ടായിരുന്ന ആത്മികാരാധനയും ഉണർവും ഇന്ന് അന്യമാകുന്നു. വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ കൃത്രിമമായി സൃഷ്ടിക്കുന്ന ഉണർവും ഇളക്കപ്പെരുപ്പങ്ങളും കേട്ട താളംതുള്ളാൻ കുറേപ്പേരുണ്ട്. അവർ അതുമാത്രം ആഗ്രഹിക്കുന്നവരാണ്. പാപബോധമുണ്ടായി ജനം വിടുവിക്കപ്പെടണമെന്നോ സത്യവചനം ഗ്രഹിക്കണമെന്നോ, ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം നയിക്കണമെന്നോ ആഗ്രഹിക്കുന്നില്ല. ആര് ക്ഷണിക്കുന്നോ, അവരെ പ്രസാദിപ്പിക്കാൻ നോക്കുന്നു. നാളെ വീണ്ടും വരാൻ ബോധപൂർവം ഒരു വഴിയുണ്ടാക്കിയിട്ടു പോകുന്നു.

കള്ളപ്രവാചകന്മാരെക്കൊണ്ട് പൊറുതിമുട്ടിയിരിക്കുകയാണിപ്പോൾ. കുടുംബബന്ധങ്ങളെ ശിഥിലമാക്കാൻ പിശാച് ഇത്തരക്കാരെ കരങ്ങളിലെടുക്കുന്നുണ്ട്. അമേരിക്കയും യൂറോപ്പും ഗൾഫും അല്ലാതെ ഒന്നും ഇവരുടെ നാവിലില്ല. ജീവിതത്തിൽ ക്രമീകരിക്കേണ്ട വിഷയങ്ങളെക്കുറിച്ച് പ്രസംഗിക്കുന്നവരെ ജനം തള്ളിക്കളയുന്നു. ഇവർക്ക് 'മാർക്കറ്റും' ഇല്ല. അനുഗ്രഹം മാത്രം പ്രസംഗിക്കുന്നവർക്ക് വേദിയുണ്ട്.

ഒന്നാം നൂറ്റാണ്ടിലെ ആത്മികാനുഭവങ്ങളിലേക്ക് ദൈവസഭ മടങ്ങിവരണം. പരസ്പരം വിദ്വേഷവും സ്പർധയും ഒഴിവാക്കി ദൈവസഭ ഐക്യതയോടെ നിലനിൽക്കണം. സഭയെ പണിയുന്ന നാഥന് കീഴ്പ്പെടണം. വചനത്തിലേക്ക് മടങ്ങിവരണം. അനുതാപത്തോടും കണ്ണീരോടും മടങ്ങിവരുന്നിടത്ത് യഥാർഥ ഉണർവുണ്ടാകും.

**ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്.**

# അടയാളങ്ങളെ അറിയുക



പാസ്റ്റർ പ്രിൻസ് കോശി
മണക്കാല

മാനവികതയുടെ ചരിത്രത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത വിധം കാര്യങ്ങൾ കീഴ്മെൽ മറിയുന്ന കാഴ്ചയിൽ ശാസ്ത്ര ലോകം പകച്ച് നിന്ന് ഇരുട്ടിൽ തപ്പുകയാണ്. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്ന ലോകത്തിന്റെ ചോദ്യത്തിന് ശാസ്ത്രത്തിന് ഉത്തരം മുട്ടുമ്പോൾ ഇന്നത്തെ സകലസംഭവഗതികളും സത്യവേദപുസ്തകം നൂറ്റാണ്ടുകൾക്ക് മുമ്പേ രേഖപ്പെടുത്തിയിരിക്കുന്നു. ഒരിക്കലും ഇളകില്ല എന്ന് മനുഷ്യൻ കരുതിയ ഭൂമി പൊടുപൊടെ പൊട്ടുന്നു. കിറുകിറെ കീറുന്നു. ഒരു മത്തനെപ്പോലെ ചാഞ്ചാടുന്നു കാവൽ മാടംപോലെ ഇളകുന്നു. അന്ന് ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപൊകും. മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകുകയും ചെയ്യും. ഇങ്ങനെ ഇവയൊക്കെയും അഴിയാനുള്ളതായിരിക്കയാൽ അകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവ് കാത്തിരിക്കുന്നു ബദ്ധപ്പെടുത്തികൊണ്ട് നിങ്ങൾ എത്ര വിശുദ്ധജിവിതവും ഭക്തിയും ഉള്ളവർ അയിരിക്കണം യേശുനാഥന്റെ തന്നെ വാക്കുകൾ വളരെ ശ്രദ്ധയമാണ്. സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും. കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്ക് നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും. അകാശത്തിന്റെ ശക്തികൾ ഇളകിപോകുന്നതിനാൽ ഈ ലോകത്തിന് എന്ത് ഭവിപ്പാൻ പോകുന്നുവെന്ന് പേടിച്ചും നോക്കിപ്പാർത്തുംകൊണ്ട് മനുഷ്യർ നിർജ്ജീവൻമാർ ആകും (ലൂക്കോ: 21 : 2526).

ഇന്നത്തെ ലോകം നിരാശയുടെ കൂരിരുളിൽ തപ്പി അലയുന്നു. ആരോഗ്യപരമായി മനുഷ്യകുലത്തിന് തെല്ലും പ്രത്യാശയില്ല. സാധാരണക്കാരന്റെ ഇടയിൽ പറഞ്ഞ് കേൾക്കുന്ന ക്യാൻസർ എന്ന രോഗം സർവ്വ സാധാരണമായ നിലയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തികനില തകർന്നടിഞ്ഞ സമ്പന്ന രാജ്യങ്ങളിലെ മുതലാളി പ്രമുഖന്മാർ പണത്തിന്റെ വേലിയിറക്കത്തിൽ നിരാശരായി അത്മഹത്യയിലേക്ക് നിങ്ങുന്നു. കഴിക്കുന്ന ഭക്ഷണത്തിലെ വിഷവും ശ്വസിക്കുന്ന വായുവിലെ കരി ആരോഗ്യ സംസ്കാരത്തിന്റെ അടിത്തറയെ അപ്പാടെ തകർത്തിരിക്കുന്നു. മക്കൾക്ക് സ്വന്തം അപ്പനെ വിശ്വസിക്കാൻ കഴിയാത്ത ധാർമിക അധഃപതനങ്ങൾ സംഭവിച്ചിരിക്കുന്ന കാലം. പെണ്ണായി ജനിച്ച കൈക്കുഞ്ഞു മുതൽ മുതുമുത്തശ്ശി വരെ പീഡനമെന്ന അധുനികതയുടെ ക്രൂരതയ്ക്ക് ഇരയാകുന്നു. മോഷണവും പിടിച്ചുപറിയും കഴുത്തറക്കലും നിത്യവാർത്തകളായി മാറിയിരിക്കുന്നു.

എന്തുകൊണ്ട് ഈ അനർഥങ്ങൾ? അന്ത്യകാല സംഭവങ്ങളുടെ ഭാഗം എന്നു ചിന്തിക്കുമ്പോൾ തന്നെ നാം അറിഞ്ഞിരിക്കേണ്ട മറ്റൊന്നുകൂടി ഉണ്ട്, വിശുദ്ധ സഭയാം മണവാട്ടിക്കുള്ള മുന്നറിയിപ്പുകളാണ് ഇതെല്ലാം. ചുറ്റുപാടുകളിൽ നടമാടുന്നവയെ വചന വെളിച്ചത്തിൽ വിലയിരുത്തി ദൈവത്തോട് അടുത്ത് വന്ന് ഒരുക്കപ്പെടുവാനുള്ള മുന്നറിയിപ്പുകളാണിവ. പ്രവച നിവർത്തികളായ മുന്നറിയിപ്പുകളെ വകവെയ്ക്കാതിരുന്നാൽ പിന്നത്തേതിൽ വിലകൊടുക്കേണ്ടിവരും. മനുഷ്യന്റെ അതിക്രമവും ദൈവത്തോടും ദൈവിക പദ്ധതികളോടുമുള്ള മത്സരവും മനുഷ്യനെ നിത്യനാശത്തിലേക്കാണ് നയിക്കുന്നത്. ദൈവത്തിന് കീഴ്പ്പെടാതെ മത്സരിക്കുന്നത് അപകടമാണെന്ന് വിശുദ്ധവേദപുസ്തക ചരിത്രം തന്നെ തെളിയിക്കുന്നു യാഥാർത്യമാണ്. ദൈവത്തോട് മത്സരിച്ച് സ്വർഗ്ഗത്തോളമെത്തുന്ന ബാബേൽ ഗോപുരം പണിയാൻ ഇറങ്ങി പുറപ്പെട്ട മനുഷ്യർക്ക് പല ഭാഷക്കാരായി ഛിദ്രിച്ച് ലോകമെങ്ങും ചിതറിപ്പോകേണ്ടിവന്നു. അത്യുന്നതന് സമാനിക്കൻ ശ്രമിച്ച ലൂസിഫർ വെട്ടേറ്റ് നിലംപതിച്ചു. തന്റെ ധനമാഹാത്മ്യത്താൽ ദൈവത്തെ വെല്ലുവിളിച്ച നെബുഖദ്നെസർ രാജാവ് ഒരു മൃഗത്തെപോലെ വനത്തിൽ പുല്ല് തിന്ന് ജീവിക്കേണ്ടിവന്നു, തന്റെ വാക്കുകളെ ദൈവത്തിന് സമമാക്കിയ ഹെരോദാവ് നിമിഷങ്ങൾക്കുള്ളിൽ ജീവനെവിട്ട് കൃമിക്കിരയായി. ഈ പട്ടിക നിരത്തിവിശദീകരിക്കുമ്പോൾ അഗണത്തിൽ ഇന്നത്തെ മനുഷ്യനും ഇല്ല .

**കണികപരീക്ഷണത്തിന്റെ തുടക്കത്തിൽ തന്നെ സാമ്പത്തിക മാന്ദ്യം അതിനെ തകർത്തുകളഞ്ഞു. മരിക്കാത്ത കോശങ്ങൾ കണ്ടെത്തി മരണത്തെ ഇല്ലാതാകുകയും തോൽപ്പിക്കുകയും ചെയ്യാൻ വിഢ്ഢികളായ മനുഷ്യൻ ശ്രമിക്കുന്നു. ദൈവത്തിന്റെ അറിവോ സമ്മതമോ കൂടാതെ ഒന്നും സംഭവിക്കുന്നില്ല.**

കണികപരീക്ഷണത്തിന്റെ തുടക്കത്തിൽ തന്നെ സാമ്പത്തിക മാന്ദ്യം അതിനെ തകർത്തുകളഞ്ഞു. മരിക്കാത്ത കോശങ്ങൾ കണ്ടെത്തി കണ്ടെത്തി മരണത്തെ ഇല്ലാതാകുകയും തോൽപ്പിക്കുകയും ചെയ്യാൻ വിഢ്ഢികളായ മനുഷ്യൻ ശ്രമിക്കുന്നു. നിത്യനായ ദൈവത്തിന്റെ പേരിൽ ദൈവത്തോട് മത്സരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഒന്നോർക്കണം, ദൈവത്തിന്റെ അറിവോ സമ്മതമോ കൂടാതെ ഒന്നും സംഭവിക്കുന്നില്ല. ഏത് മനുഷ്യനും ഉറച്ച് നിന്നാലും ഒരു ശ്വാസമത്ര ആകുന്നു എന്ന ബൈബിൾ വീക്ഷണം എത്ര ഉന്നതമായ തിരിച്ചറിവിന് പ്രധാന്യം ചെയ്യുന്നു. ഒരു അയുഷ്കാലം മുഴുവൻ കരുതിവച്ച സമ്പത്ത്കൊണ്ട് അത്യന്തപേക്ഷിത ഘട്ടത്തിൽ ഒന്നും ചെയ്യാനാകാത്ത മനുഷ്യൻ എത്ര നിസാരനാണ് ഭക്തനായ ഇയ്യോബിന്റെ ഭഷയിൽ മണ്ണിൽ നിന്ന് ഉത്ഭവിച്ച് മൺപുരകളിൽ പാർത്ത് പുഴുവിനെ പോലെ ചതഞ്ഞ്പോകുന്നു മനുഷ്യജിവിതത്തിൽ ദൈവത്തിന്റെ ഇഷ്ടങ്ങളും പദ്ധതികളും തിരിച്ചറിഞ്ഞ് ജീവിതം അർഥപൂർണ്ണമാക്കാൻ നമുക്ക് കഴിയട്ടെ.

ദിശയറിയാതെ ഇരുട്ടിൽ തപ്പി നടക്കുന്ന മുഴുലോകത്തിനും പ്രത്യാശയുടെ പ്രകാശം പരത്തി തിരിച്ചറിവ് പകരുകയും സ്വയം ഒരുക്കപ്പെടുകയും ചെയ്യേണ്ടകാലം തിരിച്ചറിഞ്ഞ് മാലിന്യം നീക്കി ഈ വിശുദ്ധിയുടെ നികവിൽ വഴികാട്ടിയായ വിളക്ക് പോലെ ശോഭിക്കാം.

EDITORIAL BOARD

| | |
|---|---|
| Chief Editor | : Reji Philip |
| Managing Editor | : Sam T. Mukathala |
| Editor | : D. Kunjumon Pothancode |
| Circulation Manager | : Reji P. Paul |

വാർഷിക വരിസംഖ്യ
120 രൂപ
പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപ്പരസ്യം 500 രൂപ
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471

# ബില്ലിഗ്രഹാം വീട്ടിലേക്കു മടങ്ങി



**നോർത്ത് കരോലിന:** ഏഴുപതിറ്റാണ്ടിനപ്പുറം സുവിശേഷീകരണത്തിലൂടെ ലോകത്താകമാനം വിപ്ലവകരമായ മുന്നേറ്റം നടത്തിയ ലോകപ്രസിദ്ധ സുവിശേഷകൻ ഡോ. ബില്ലിഗ്രഹാം ഫെബ്രുവരി 21നു ബുധനാഴ്ച രാവിലെ നിത്യതയിൽ പ്രവേശിച്ചു. അദ്ദേഹത്തിനു 99 വയസ്സായിരുന്നു. ശവസംസ്കാരം മാർച്ച് രണ്ടിനു വെള്ളിയാഴ്ച നടന്നു. അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപ്, മുൻ പ്രസിഡന്റുമാരായ ജോർജ് ബുഷ്, ജിമ്മി കാർട്ടർ, ബിൽ ക്ലിന്റൺ തുടങ്ങി ക്ഷണിക്കപ്പെട്ട 2,300 പേർക്കു മാത്രമായിരുന്നു പ്രവേശനം. മകൻ ഫ്രാൻക്ളിൻ ഗ്രഹാം സന്ദേശം നൽകി.



സംസ്കാരത്തിനു മുമ്പുള്ള വ്യൂവിങ് ബുധനാഴ്ച ആഷ്‌വിലിയിലെ മോറിസ് ഫ്യൂനറൽ ഹോമിൽ നടന്നു. ഒരു ഡസനിലധികം അമേരിക്കൻ പ്രസിഡന്റുമാരുടെ സ്വകാര്യ ആത്മീയോപദേഷ്ടാവായിരുന്ന ബില്ലിഗ്രഹാം ലോകത്തിലെ 185 രാജ്യങ്ങളിലായി ഇരുപതുകോടിയോളം ജനങ്ങളോടു നേരിട്ടു സുവിശേഷം അറിയിച്ചിട്ടുണ്ട്. റേഡിയോയിലൂടെയും ടെലിവിഷനിലൂടെയുമായി അദ്ദേഹം സുവിശേഷം പങ്കുവെച്ചിട്ടുള്ളവരുടെ എണ്ണം സംഖ്യാതീതമാണ്. അമേരിക്കയിലെ പ്രശസ്തരായ വ്യക്തികളെ കണ്ടെത്താൻ വർഷംതോറും നടത്താറുള്ള വോട്ടെടുപ്പിൽ ഇതിനകം 66 തവണയാണ് ഏറ്റവും പ്രശസ്തനായ അമേരിക്കക്കാരൻ എന്ന പദവി ജനങ്ങൾ അദ്ദേഹത്തിനു നൽകിയിട്ടുള്ളത്.

വീറ്റൻ കോളേജിലെ പഠനകാലത്താണു ജീവിതസഖിയായി രൂത്ത് മക്യൂബെല്ലിനെ കണ്ടെത്തിയത്. രൂത്ത് ഗ്രഹാം എന്നു പിൽക്കാലത്ത് അറിയപ്പെട്ട ആ വനിത 2007 ൽ തന്നെവിട്ട് നിത്യതയിൽ പ്രവേശിച്ചു. തുടർന്നുള്ള നാളുകളിൽ വായനയും പഠനവുമായി അദ്ദേഹം സമയം ചെലവഴിച്ചു.


മക്കളായ ഫ്രാങ്ക്ളിൻ ഗ്രഹാം, ആൻ ഗ്രഹാം ലോട്ട്സ് എന്നിവരും കൊച്ചുമക്കളിൽ ചിലരും സുവിശേഷവേലയിൽ ആഗോളപ്രശസ്തരാണ്.

'എന്റെ വീട് സ്വർഗത്തിലാണ്; ഞാൻ ഈ ഭൂമിയിലൂടെ അവിടേക്കു പൊയ്ക്കൊണ്ടിരിക്കയാണ്' ഒരിക്കൽ അദ്ദേഹം പറഞ്ഞു.

## ഞാൻ ആരാണെന്നും എവിടേക്കു പോകുന്നുവെന്നും എനിക്കറിയാം: ബില്ലി ഗ്രഹാം

ബില്ലി ഗ്രഹാമിന്റെ സ്വന്തം നാട്ടുകാർ അദ്ദേഹത്തെ ആദരിക്കാനായി 2005 ൽ ഒരു വിരുന്നു സംഘടിപ്പിച്ച സമയം. പാർക്കിൻസൺ രോഗം മൂലം ക്ഷണം സ്വീകരിക്കാൻ അദ്ദേഹം ബുദ്ധിമുട്ട് പ്രകടിപ്പിച്ചെങ്കിലും നോർത്ത് കരോലിനയിലെ പൗരാവലിയുടെ നിർബന്ധത്തിനു വഴങ്ങി അദ്ദേഹം വിരുന്നിനെത്തി. സ്വീകരണത്തിനും ആശംസകൾക്കും മറുപടി പറയാനായി ബില്ലി ഗ്രഹാം എഴുന്നേറ്റ് പ്രസംഗം ആരംഭിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഈ നൂറ്റാണ്ടിലെ ഏറ്റവും മഹത്വ്യക്തിയായി തിരഞ്ഞെടുത്ത ആൽബർട്ട് ഐൻസ്റ്റീൻ എന്ന പ്രശസ്ത ശാസ്ത്രജ്ഞനെ ഞാനിപ്പോൾ ഓർക്കുന്നു. ഒരിക്കൽ അദ്ദേഹം പ്രിൻസ്റ്റണിൽനിന്ന് ട്രെയിനിൽ യാത്രചെയ്യുകയായിരുന്നു. പെട്ടെന്നു തന്റെ കോച്ചിൽ ടിക്കറ്റ് എക്സാമിനർ എത്തി. ടിക്കറ്റ് പരിശോധിച്ചുവരവെ എക്സാമിനർ ഐൻസ്റ്റീന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹം ടിക്കറ്റ് പോക്കറ്റിൽ തപ്പിനോക്കി. അതു കണ്ടെത്താൻ കഴിയാതെ പേഴ്സിലും ബ്രീഫ്കെയ്സിലും ഇരുന്ന സീറ്റിലുമെല്ലാം താൻ ടിക്കറ്റ് പരതാൻ തുടങ്ങി.

ടിക്കറ്റ് പരിശോധകൻ ഐൻസ്റ്റീനോട് ഇപ്രകാരം പറഞ്ഞു: "ഡോ. ഐൻസ്റ്റീൻ അങ്ങാരാണെന്ന് എനിക്കറിയാം. ഈ ട്രെയിനിലുള്ള എല്ലാവർക്കുമറിയാം. അങ്ങ് തീർച്ചയായും ടിക്കറ്റ് എടുത്തിട്ടുണ്ടെന്ന് ഞങ്ങൾക്കെല്ലാം ബോധ്യമുണ്ട്. അതുകൊണ്ട് അവിടുന്ന് ടിക്കറ്റ് ഓർത്തു വിഷമിക്കാതിരിക്കുക."ടി.ടി.ഇ മറ്റുള്ളവരുടെ ടിക്കറ്റ് പരിശോധിച്ചു നടന്നുനീങ്ങി. അടുത്ത കമ്പാർട്ടുമെന്റിലേക്കു കടക്കുന്നതിനു മുൻപായി തിരിഞ്ഞു നോക്കുമ്പോൾ ഐൻസ്റ്റീൻ മുട്ടുകുത്തി സീറ്റിനടിയിലേക്കു ഇഴഞ്ഞുനീങ്ങുന്നതാണു താൻ കണ്ടത്. അയാൾ ഓടിയെത്തി പറഞ്ഞു: "ഡോ. ഐൻസ്റ്റീൻ, ഡോ. ഐൻസ്റ്റീൻ ടിക്കറ്റിനായി ഇങ്ങനെ ബുദ്ധിമുട്ടരുതേ, അങ്ങാരാണെന്ന് എനിക്കറിയാം, ഒരു പ്രശ്നവുമില്ല. അവിടുന്ന് സീറ്റിൽ സ്വസ്ഥമായി ഇരുന്നാലും."



ആന്ധ്രാപ്രദേശിലെ ചുഴലിക്കാറ്റ് ബാധിത പ്രദേശത്തെ ദുരിതങ്ങൾ കണ്ട് കണ്ണുനീർ തുടയ്ക്കുന്ന ബില്ലിഗ്രഹാം.

ഐൻസ്റ്റീൻ ശാന്തനായി ടിക്കറ്റ് പരിശോധകനോട് ഇങ്ങനെ പറഞ്ഞു: "ചെറുപ്പക്കാരാ, ഞാൻ ആരാണെന്നു എനിക്കും അറിയാം. എനിക്കറിഞ്ഞുകൂടാത്ത ഒന്നുണ്ട്. ഞാൻ എങ്ങോട്ടുപോകുന്നുവെന്ന് എനിക്കറിയില്ല. ടിക്കറ്റ് കിട്ടിയാലേ ഞാൻ എവിടേക്കു പോകാനാണിറങ്ങിയതെന്ന ഓർമവരൂ."

ഐൻസ്റ്റീന്റെ മറവിയെക്കുറിച്ചു കേട്ടിട്ടുള്ള സദസ്സ് പൊട്ടിച്ചിരിക്കുമ്പോൾ ബില്ലി ഗ്രഹാം തന്റെ പ്രസംഗം ഇങ്ങനെ തുടർന്നു: "ഇന്നു ഞാൻ ധരിച്ചിരിക്കുന്ന ഈ സ്യൂട്ട് പുത്തനാണ്. ഈ സ്യൂട്ട് ഈ ചടങ്ങിനും മറ്റൊരു സന്ദർഭത്തിനും വേണ്ടി ഉപയോഗിക്കാനാണു വാങ്ങിയത്. സ്യൂട്ട് ഉപയോഗിക്കുന്ന അടുത്ത ചടങ്ങ് ഏതാണെന്നു ഞാൻ പറയാം. അത് എന്റെ ശവസംസ്കാരച്ചടങ്ങ് ആയിരിക്കും. അന്നും ഈ സ്യൂട്ടായിരിക്കും ഞാൻ ധരിക്കുക. പക്ഷേ ഞാൻ മരിച്ചെന്ന് ഈ നാളുകളൊന്നിൽ കേൾക്കുമ്പോൾ നിങ്ങൾ എന്റെ സ്യൂട്ടിനെക്കുറിച്ചല്ല ഓർക്കേണ്ടത്. മറിച്ച് ഇക്കാര്യം ഓർക്കണം. ഞാൻ ഐൻസ്റ്റിനെപ്പോലെ അല്ല. ഞാൻ ആരാണെന്നു മാത്രമല്ല എനിക്കറിയാവുന്നത്. ഞാൻ എവിടേക്കാണു പോകുന്നതെന്നും എനിക്കറിയാം." നോർത്ത് കരോലിന പൗരാവലി പൂർണ നിശബ്ദതയോടെയാണ് അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിച്ചത്.

# പാസ്റ്റർ റ്റി.എസ്. ഏബ്രഹാമിനെ ഓർക്കുമ്പോൾ



പാസ്റ്റർ റ്റി.എസ്. ഏബ്രഹാമും ഭാര്യ മേരിയും

പാസ്റ്റർ പി.ജി. മാത്യൂസ്

ഭാരതത്തിലെ അപ്പൊസ്തല ശ്രേഷ്ഠനായിരുന്ന പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ സീമന്തപുത്രനായി ജനിച്ച് വളർന്ന കർത്താവിന്റെ ദാസൻ പാസ്റ്റർ റ്റി.എസ്. ഏബ്രഹാം (93) ഇക്കഴിഞ്ഞ ഫെബ്രുവരി 5–ാം തീയതി ഓട്ടം തികച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. പ്രത്യാശാ നിർഭരമായ ഒരു കടന്നുപോക്ക് അദ്ദേഹത്തിനുണ്ടായി. മുഖ്യമന്ത്രി, കേന്ദ്ര സംസ്ഥാന മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ പെന്തെക്കോസ്തു സഭാ നേതാക്കന്മാർ ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാർ സാമൂഹ്യ, രാഷ്ട്രീയ പ്രവർത്തകർ കുമ്പനാട്ടെത്തി അനുശോചന, ആശ്വാസ വാക്കുകൾ അറിയിക്കുകയുണ്ടായി. ഇൻഡ്യൻ പെന്തെക്കോസ്ത് സഭയുടെ ജനറൽ പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ അനേകം പദവികൾ അദ്ദേഹം അലങ്കരിച്ചു. ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ കേരള ഓക്സിലറിയുടെ ചുമതല വഹിച്ചിട്ടുണ്ട്. പാസ്റ്റർ റ്റി.എസ് ഏബ്രഹാമിന്റെ മക്കളും കൊച്ചുമക്കളും കർത്താവിന്റെ മഹാനാമത്തെ സാക്ഷ്യം വഹിച്ചുപോകുന്നു. പരേതയായ മേരി ഏബ്രഹാം ആണ് ഭാര്യ. മക്കൾ റവ. ഡോ.വൽസൺ ഏബ്രഹാം, അനീ ജേക്ബ്, സ്റ്റെല്ല ലൂക്ക്, ഷേർളി ചാക്കോ.

ഇൻഡ്യാ ദൈവസഭയുടെ ആസ്ഥാനമായ മുളക്കുഴയ്ക്കും, കുമ്പനാടിനും വളരെ സമാനതകളുണ്ട്. മുളക്കുഴ സ്വദേശികളായ തെക്കേപറമ്പിൽ പാസ്റ്റർ കെ.ഇ. ഏബ്രഹാമും, തോടുകരയിലെ പാസ്റ്റർ റ്റി.എം. വർഗ്ഗീസും, ആദ്യകാല പെന്തെക്കോസ്ത് മിഷനറി ആയിരുന്ന ആർ.എഫ്. കുക്കുമായി ഒന്നിച്ചു പ്രവർത്തിച്ചു. പിന്നീട് പാസ്റ്റർ കെ.ഇ. ഏബ്രഹാം കുമ്പനാട് കേന്ദ്രീകരിച്ച് സഭാപ്രവർത്തനങ്ങൾ ചെയ്യുകയുണ്ടായി. അങ്ങനെ മുളക്കുഴയും കുമ്പനാടും എന്ന രണ്ട് ഗ്രാമങ്ങൾ ചേർന്നുള്ള ഒരു സംഭാഷണശൈലി ഉണ്ടായി. ചുരുക്കിപറഞ്ഞാൽ കേരളത്തിലെ പെന്തെക്കോസ്തു സഭകളെ തമ്മിൽ ആത്മീയമായി കോർത്തിണക്കത്തക്ക ഒരു പ്രധാന കണ്ണിയായി ഏബ്രഹാം കുടുംബം പ്രവർത്തിച്ചു വന്നിരുന്നു.

> പെന്തെക്കോസ്തുലോകത്തിലെ രണ്ടാം തലമുറക്കാരുടെ അവസാനകണ്ണിയുടെ ശാന്തഗംഭിര ശബ്ദം നിലച്ചു. പക്ഷെ ആ ശബ്ദത്തിന്റെ പ്രതിധ്വനി ആത്മീയ ലോകത്തിൽ എന്നും ഉണ്ടായിരിക്കണം.

അദ്ദേഹം മിതഭാഷി ആയിരുന്നു. പൊങ്ങച്ചത്തിന്റെ ഒരു വാക്ക് അദ്ദേഹത്തിന്റെ നാവിൽ ഉണ്ടായിട്ടില്ല. ഏത് ശുശ്രുഷകളിലും തക്ക സമയത്ത് എത്തുകയും ചുരുങ്ങിയ സമയംകൊണ്ട് നന്നായി ശുശ്രൂഷിക്കുകയും ചെയ്യും. ദൈവംതന്ന ഒരു വരദാനമെന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം. പരാതിയോ പരിഭവമോ ഇല്ല.

ദൈവസഭകളുടെ ആദ്യ ഫീൾഡ് സെക്രട്ടറി പാസ്റ്റർ റ്റി.എം. വർഗ്ഗീസിനെ കൊച്ചപ്പൻ എന്നു വിളിച്ചിരുന്നു. ഇരുവരും കുടുംബമായി അടുത്ത ചാർച്ചക്കാരായിരുന്നു. കുക്ക് സായിപ്പ്, ഉണ്ണുണ്ണി സാർ, റ്റിം.എം. വർഗ്ഗീസ് സാർ എന്നീ ത്രയങ്ങൾ ആദ്യകാല മലങ്കര പെന്തെക്കോസ്ത് ഉണർവ്വിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

വിട്ടുപിരിഞ്ഞ് കർത്താവിനോടുകൂടി ഇരിക്കുന്ന പാസ്റ്റർ റ്റി.എസ്. ഏബ്രഹാമിനെകുറിച്ച് ചുരുക്കം ചില അനുസ്മരണം അയവിറക്കുന്നു. അദ്ദേഹം സൗമ്യതയുടെ ഒരു ആൾരൂപം ആയിരുന്നു. ഒരു മാതൃകാ ശുശ്രൂഷകൻ, പരിപാലന വരമുണ്ടായിരുന്ന സഭാ ശുശ്രൂഷകൻ, ഒരു നല്ല ആത്മീയ സഭാ നേതാവ്, നേതൃത്വ പാടവം പുലർത്തിയ ഭരണാധികാരി, വായനീയതയുള്ള പല ഈടുറ്റ ഗ്രന്ഥങ്ങൾ രചിച്ച എഴുത്തുകാരൻ തുടങ്ങിയ പലനിലകളിൽ അദ്ദേഹം പ്രസിദ്ധനാണ്.

പാസ്റ്റർ റ്റി.എസ്. ഏബ്രഹാമിന്റെ പ്രസംഗം ലളിതവും ക്രിസ്തു കേന്ദ്രീകരവുമായിരുന്നു. പകരം പറയുവാൻ സാധ്യമല്ലാത്ത വ്യക്തിപ്രതാപം അദ്ദേഹത്തിനുണ്ടായിരുന്നു. ക്രൈസ്തവ ചരിത്രത്തെ ജീവിതമായും, ജിവിതചരിത്രത്തെ ക്രൈസ്തവ ചരിത്രമായും അദ്ദേഹം രചിച്ചു. പെന്തെക്കോസ്തുലോകത്തിലെ രണ്ടാം തലമുറക്കാരുടെ അവസാനകണ്ണിയുടെ ശാന്തഗംഭിര ശബ്ദം നിലച്ചു. പക്ഷെ ആ ശബ്ദത്തിന്റെ പ്രതിധ്വനി ആത്മീയ ലോകത്തിൽ എന്നും ഉണ്ടായിരിക്കണം. ഒരു മികച്ച വേദാദ്ധ്യാപകൻ എന്ന നിലയിൽ അദ്ദേഹത്തിന് ലോകമെങ്ങും വലിയ ഒരു ശിഷ്യഗണത്തിന്റെ സമ്പത്തുണ്ട്. എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ആദരിച്ചിരുന്നതിനാൽ ബൈബിൾ സൊസൈറ്റിയുടെ അദ്ധ്യക്ഷനായി ഒരു ടേം പ്രവർത്തിക്കുവാൻ ഇടയായി.

പെന്തെക്കോസ്തു ദൈവജനങ്ങൾക്ക് ഒരു ആത്മീയ പിതാവ്, ഇൻഡ്യ പെന്തെക്കോസ്തു സഭകളുടെ സീനിയർ ജനറൽ മിനിസ്റ്റർ, ഇൻഡ്യ ബൈബിൾ സെമിനാരിയുടെ രക്ഷാധികാരി എന്നീ നിലകളിൽ അദ്ദേഹം വാർദ്ധക്യകാലം ചിലവഴിച്ചു.

കർത്താവ് തൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും കൂടി ഇറങ്ങി വരുമ്പോൾ ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയർത്തെഴുന്നേൽക്കുകയും പിന്നെ ജീവനോടെ ശേഷിക്കുന്നവർ രൂപാന്തരപ്പെടുകയും ചെയ്യും എന്ന വചനങ്ങൾ അനേകം വിശുദ്ധന്മാരുടെ ശവസംസ്കാര ശുശ്രൂഷകളിൽ വിളിച്ചു പറഞ്ഞിട്ടുള്ള കർത്തൃദാസന്റെ ഭൗതീക ശരീരം കുമ്പനാട് ഐ.പി.സി. ഹെബ്രോൻ സെമിത്തേരിയിൽ ഫെബ്രുവരി 13 –ാം തീയതി ഞായറാഴ്ച സംസ്കരിച്ചു. ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുത്ത അനുസ്മരണ ശവസംസ്കാരശുശ്രൂഷകളിൽ നൂറുകണക്കിന് സഭകളുടെയും സംഘടനകളുടെയും പ്രതിനിധികൾ ഉണ്ടായിരുന്നു. മിക്ക ആനുകാലികങ്ങളിലും അനുസ്മരണകൾ ഉണ്ട്, സോഷ്യൽ മീഡിയായിൽ ചരമവാർത്തകൾ നിറഞ്ഞ് നിന്നിരുന്നു.

കർത്താവിന്റെ ശുശ്രൂഷയിൽ എനിക്കു ലഭിച്ച പ്രചോദനം കുമ്പനാട് ഹെബ്രോനിലെയും, മുളക്കുഴ മൗണ്ട് ശാരോണിലെയും പഠനകാലത്ത് ഉണ്ടായതാണ്. കുമ്പനാട് ഹെബ്രോനിൽ എന്റെ ഗുരുനാഥനായ പാസ്റ്റർ റ്റി.എസ്. ഏബ്രഹാമിന്റെ ശിക്ഷണത്തിൽ ദൈവവചനം പഠിക്കുവാൻ സാധിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ഇപ്പോഴത്തെ ഐ.പി.സിയുടെ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണും ഞാനും സഹപാഠികളാണ്.

---

# സത്യസുവിശേഷവും ആധുനികപ്രവണതകളും

എസ്ഥേർ എസ്.പി.

മാനുഷിക കാലഘട്ടത്തെ മൂന്നായി തിരിക്കാമെന്നു പറയാറുണ്ട്. ഏറ്റവും പുരാതനകാലത്തെ കർഷകസമൂഹമെന്നും, രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകം വ്യാവസായികാഭിവൃദ്ധി പ്രാപിച്ച കാലം വ്യവസായ സമൂഹമെന്നും, ആധുനികകാലഘട്ടത്തെ വൃത്താന്തവിജ്ഞാന സമൂഹമെന്നും വിശേഷിപ്പിക്കുന്നു. പുരാതനകാലത്തെ പല ചിന്താഗതികൾക്കും പിന്നീടു മാറ്റമുണ്ടായി. മനുഷ്യൻ കൂടുതൽ അഭിവൃദ്ധിയിലേക്കു നീങ്ങി. മായംചേർക്കാൻ പാടില്ലാത്ത പല മൂല്യങ്ങളും അക്കൂട്ടത്തിൽ നഷ്ടമായി എന്നതും ശ്രദ്ധേയമാണ്. ആത്മീയവീക്ഷണത്തിൽ എടുത്തു പറയേണ്ട ഒന്നാണ് സത്യസുവിശേഷം. ‘കാലംമാറി, സുവിശേഷത്തിന്റെ കോലവും മാറി’ എന്ന രീതിയിലാണു കാര്യങ്ങളുടെ പോക്ക്.

ഇംഗ്ലീഷിൽ ‘ഗോസ്പൽ’ എന്നും ഗ്രീക്കിൽ ‘എവൻഗെലിയോൻ’ എന്നുമുള്ള സുവിശേഷം എന്ന പദത്തിനർഥം ‘സുവാർത്ത’ എന്നാണ്. സുവിശേഷം പുതിയനിയമോപദേശമാണെങ്കിലും അതിന്റെ വെളിപ്പെടുത്തലുകൾ പഴയനിയമത്തിലുണ്ട്. യേശുക്രിസ്തുവിൽ ദൈവം സകല മനുഷ്യർക്കും രക്ഷാമാർഗം തുറന്നതിന്റെ സുവാർത്തയാണ് സുവിശേഷം. യേശുവിന്റെ ജനനത്തിനു 700 വർഷം മുൻപ് ജീവിച്ചിരുന്ന യെശയ്യാപ്രവാചകൻ എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ വരുന്ന രക്ഷകനെക്കുറിച്ച് പ്രവചിച്ചു (യെശ. 61:1,2).

പൗലൊസിന്റെ വാക്കുകൾ പ്രകാരം “ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം” (2 തിമൊ. 2:8). യേശുക്രിസ്തു ഈ ലോകത്തിൽ വന്ന് മനുഷ്യന്റെ പാപങ്ങൾക്കുവേണ്ടി മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേറ്റു. യേശു പാപികളെ രക്ഷിക്കാനാണ് ലോകത്തിൽ വന്നത് (1 തിമൊ. 1:15). യേശുവും അപ്പൊസ്തലന്മാരും സുവിശേഷകന്മാരും സുവിശേഷം പ്രസംഗിച്ചു. സുവിശേഷം ഏകമാണ്. അതിനു വിരോധമായി ആരെങ്കിലും സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാണ് (ഗലാ.1:8).

ക്രിസ്തുവിന്റെ ദൈവത്വം, ക്രിസ്തുവിന്റെ ജനനത്തോടനുബന്ധിച്ചുണ്ടായ ദൂതന്മാരുടെ പ്രത്യക്ഷതയും വെളിപ്പെടുത്തലുകളും കൂടാതെ യേശുവിന്റെ ജനനം, ജീവിതം, അത്ഭുതപ്രവൃത്തികൾ, ഉപദേശങ്ങൾ, മരണ–അടക്ക പുരുത്ഥാനം എന്നീ സുവിശേഷസംഭവങ്ങൾ ഉൾക്കൊള്ളുന്നതാണ് പുതിയനിയമത്തിലെ നാലു സുവിശേഷങ്ങൾ. യേശുക്രിസ്തുവിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന സുവിശേഷസാരഥികൾ മൺമറഞ്ഞാലും സുവിശേഷം ഭാവിതലമുറയിലേക്കു എത്തപ്പെടുവാനാണ് സുവിശേഷങ്ങൾ രചിച്ചത്.

സുവിശേഷത്തിന്റെ പ്രാധാന്യം

1. മനുഷ്യരക്ഷയ്ക്കുള്ള സുവിശേഷം ദൈവശക്തിയാണ് (റോമ.1:16).

2. ഒരു ആത്മാവ് സർവലോകത്തെക്കാളും വിലയേറിയതാകയാൽ സുവിശേഷത്തിലൂടെയുള്ള രക്ഷ ഏറ്റവും പ്രധാനപ്പെട്ടതാണ് (ലൂക്കൊ.9:25).

> പൂർണശക്തിയോടും പൂർണ മനസോടും പൂർണ ആത്മാവോടും ആരാധിക്കേണ്ടതിനു പകരം ആരാധനയ്ക്കിടയിലും മൊബൈൽഫോൺ ഉപയോഗിക്കുന്നതിനോ, മെസേജുകൾ അയയ്ക്കുന്നതിനോ യാതൊരു മടിയുമില്ല.

3. ചിലർകൂടെ മാനസാന്തരപ്പെടേണ്ടതിനാണ് കർത്താവിന്റെ വരവു താമസിക്കുന്നത് (2 പത്രൊ. 3:9).

ഫിലിപ്പൊസ് ശമര്യാപട്ടണത്തിൽ പോയി സുവിശേഷം പ്രസംഗിച്ചു. എന്താണു സംഭവിച്ചത്? ആ പട്ടണത്തിൽ വളരെ സന്തോഷം (അപ്പൊ. 8:8) എന്നാൽ ഇന്നോ, സുവിശേഷത്തിന്റെ രൂപം ആകെമാറിയിരിക്കുന്നു. സുവിശേഷീകരണത്തിനത്യന്താപേക്ഷിതമായ ദർശനം മിക്കവർക്കുമില്ല എന്നതാണു വസ്തുത. ത്രോവാസിൽവെച്ച് പൗലൊസ് രാത്രിയിൽ മക്കെദോന്യക്കാരനായൊരു പുരുഷൻ അരികെ നിന്നു: “നീ മക്കെദോന്യക്കു കടന്നുവന്ന് ഞങ്ങളെ സഹായിക്ക” എന്നു തന്നോട് അപേക്ഷിക്കുന്നതായി ഒരു ദർശനം കണ്ടു. ആ ദർശനം കണ്ടിട്ട് മക്കെദോന്യയിൽ സുവിശേഷം അറിയിക്കാൻ ദൈവം തങ്ങളെ വിളിച്ചിരിക്കുന്നു എന്നു മനസിലാക്കി പൗലൊസും തിമൊഥെയോസും മക്കെദോന്യക്കു പോയി. ഇന്നത്തെ കാലത്ത് ദൈവംപറയുന്ന ഇടങ്ങളിലേക്കു പോകാൻ എത്രപേർ തയ്യാറാകും? സുവിശേഷീകരണത്തിനുവേണ്ടിയ പരിശുദ്ധാത്മശക്തിയും ത്യാഗമനോഭാവവും ഉണ്ടോയെന്നതു ചിന്തനീയമാണ്.

യേശു സുവിശേഷം പ്രസംഗിക്കയും ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയെയും സൗഖ്യമാക്കുകയും ചെയ്തു (മത്താ.4:23). സുവിശേഷം പ്രസംഗിക്കുക എന്നതാണ് പ്രധാനം. മനുഷ്യനെ നിത്യതയിലേക്കു നടത്തുന്നത് യേശുവിലുള്ള വിശ്വാസമാണ്. പാപംനിമിത്തം ദൈവത്തിൽനിന്നകന്ന് നിത്യനരകത്തിനു യോഗ്യനായ മനുഷ്യനു നിത്യജീവൻ നൽകുവാനാണ് യേശു ക്രൂശിൽ മരിച്ചത്. “യേശുവിനെ കർത്താവെന്നു വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും” (റോമ. 10:9) എന്നാണു ദൈവവചനം. സുവിശേഷത്തെ ഇന്നു കച്ചവടച്ചരക്കാക്കി മാറ്റിയിരിക്കുന്നു. സുവിശേഷം പ്രസംഗിക്കാതെ യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും നടത്തുന്നു. വ്യവസ്ഥാപിതമായ ജീവിതത്തിലേക്കോ, വചനത്തിന്റെ വിശുദ്ധിയിലേക്കോ ജനത്തിനു വരാൻ കഴിയുന്നില്ല. സുവിശേഷം മനുഷ്യമനസ്സിനു പരിവർത്തനം വരുത്തുന്നതാണ്. അതു ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും കൂടെ പ്രസംഗിക്കപ്പെടേണ്ടതാണ് (1 തെസ്സ. 1:5).

വിവാഹമോചനത്തെക്കുറിച്ചുള്ള പ്രബോ

(ശേഷം പേജ് 7)



പാസ്റ്റർ ഏബ്രഹാം ജോൺ സ്നാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നു

# 94–ാം വയസ്സിൽ സ്നാനം

**റാന്നി:** പ്ലാച്ചേരി ബഥേൽ ഐപിസി സഭയിൽ 94 വയസ്സുള്ള മാതാവ് സ്നാനമേറ്റു. മക്കപ്പുഴ കൈതോൺ വീട്ടിൽ ശോശാമ്മ ചെറിയാനാണ് ഫെബ്രുവരി മാസം 18 നു സഭാശുശ്രൂഷകൻ പാസ്റ്റർ ഏബ്രാഹം ജോണിന്റെ കൈക്കീഴിൽ സ്നാനമേറ്റത്. ഐപിസി പ്ലാച്ചേരി സഭയിലെ വിശ്വാസികളുടെ സാന്നിദ്ധ്യത്തിലായിരുന്നു ശുശ്രൂഷ. സഭാ സെക്രട്ടറി പാസ്റ്റർ വത്സൻ കെ. മാത്യു നേതൃത്വം നല്കി. ഇത് ഒരു ചരിത്ര സംഭവമാണെന്നും 94 വയസ്സുള്ള മാതാവിനെ സ്നാനപ്പെടുത്താൻ കഴിഞ്ഞത് ജീവിതത്തിലെ മറക്കാനാകാത്ത അനുഭവമാണെന്നും പാസ്റ്റർ ഏബ്രഹാം ജോൺ പറഞ്ഞു.

# ഐപിസി സോദരി സമാജം ഭാരവാഹികൾ



സിസി സുജ ബീന

ബെംഗളൂരു: ഐപിസി കർണാടക സ്റ്റേറ്റ് വനിതകളുടെ ആത്മീയ സംഘടനയായ 'സോദരി സമാജം പ്രസിഡന്റായി സിസി ജോസഫ്, പെണ്ണമ്മ തോമസ് (വൈസ് പ്രസിഡന്റ്), സുജ ജോയ്ക്കുട്ടി (സെക്രട്ടറി), മേരിക്കുട്ടി ഫിലിപ്പ് (ജോയിന്റ് സെക്രട്ടറി), ബീന ലാലു ( ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. ഹൊറമാവ് അഗര ഐപിസി ഹെഡ്ക്വാർട്ടേഴ്സിൽ നടന്ന തെരഞ്ഞെടുപ്പിൽ ഐപിസി കർണാടക പ്രസിഡന്റ് പാസ്റ്റർ. റ്റി.ഡി. തോമസ് അദ്ധ്യക്ഷനായിരുന്നു. കർണാടകയിലെ വിവിധ ജില്ലകളിലുള്ള നിർധനരായ വനിതകൾക്ക് വിവാഹ ധനസഹായം,തയ്യൽ മെഷിൻ വിതരണം, വിദ്യാഭ്യാസ സഹായം തുടങ്ങിയ സാമൂഹിക സേവനങ്ങൾ സോദരി സമാജത്തിലൂടെ നൽകി വരുന്നതായി പ്രസിഡന്റ് സിസി ജോസഫ് പറഞ്ഞു .

## ഡോ. ബില്ലി ഗ്രഹാം അനുസ്മരണ സമ്മേളനം

**തൃശൂർ:** ഈ നൂറ്റാണ്ടിൽ ലോകംകണ്ട ഏറ്റവും വലിയ സുവിശേഷപ്രഭാഷകൻ ഡോ. ബില്ലി ഗ്രഹാമിനെ അടുത്തറിയാനും താൻ ചെയ്ത സേവനങ്ങളെ ഓർക്കുന്നതിനുമായി നടത്തുന്ന ഡോ. ബില്ലി ഗ്രഹാം അനുസ്മരണ സമ്മേളനം മാർച്ച് 11 ഞായർ വൈകിട്ട് അഞ്ചിനു നെല്ലിക്കുന്ന് ഐപിസി ഇമ്മാനുവേൽ ചർച്ചിൽ നടക്കും.

ജില്ലയിലെ വിവിധ ക്രൈസ്തവസഭകളുടെ സഹകരണത്തോടെയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ബില്ലി ഗ്രഹാം ഇവാൻജലസ്റ്റിക് അസോസിയേഷൻ നാഷണൽ ഡയറക്ടർ ഡോ. സെബാസ്റ്റ്യൻ ജോസഫ് മുഖ്യാതിഥിയായിരിക്കും.

വിവരങ്ങൾക്ക് 9447350038 എന്ന നമ്പരിൽ ടോണി ഡി. ചെവ്വൂക്കാരനുമായി ബന്ധപ്പെടാവുന്നതാണ്.

STATEMENT ABOUT OWNERSHIP AND OTHER PARTICULERS ABOUT THE NEWS PAPER

**CHRISTIAN WORLD**

(Form IV- See Rule-8)

| | | |
|---|---|---|
| 1. | Place of Publication | : Kollam |
| 2. | Periodicity of its Publication | : Monthly |
| 3. | Printer's Name | : Sam T. Mukathala |
| | Whether citizen of India? | : Yes |
| | Address | : Thenguvilla House Alummoodu P.O., Kollam 691 577 |
| 4. | Publisher's Name | : Sam T. Mukathala |
| | Whether Citizen of India? | : Yes |
| | Address | : As above |
| 5. | Editor's Name | : Sam T. Mukathala |
| | Whether Citizen of India? | : Yes |
| | Address | : As above |

6. Names and addresses of individuals who own the newspaper & partners or shareholders holding more than one percent of the total capital:
Sam T. Mukathala, Thenguvilla House, Alummoodu P.O., Kollam 691 577

I Sam T. Mukathala, here by declare that the particulares given above are true to the best of my knowledge and belief.

Dated: 1-3-2018

**Sam T. Mukathala**
Sd/-Publisher




പായിപ്പാട് നടന്ന ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് ഉത്ഘാടനം ചെയ്യുന്നു

# ദൈവകൃപ ജീവിതത്തിൽ പ്രദർശിപ്പിക്കുന്നവരാകുക റവ. തോമസ് ഫിലിപ്പ്

പായിപ്പാട്: ക്രിസ്തീയ ജിവിതത്തിലന്റെ സമ്പൂർണ്ണവിജയത്തിന് അത്യന്താപേക്ഷിതമായിരിക്കുന്ന ദൈവകൃപയും ദൈവശക്തിയും ജീവിതത്തിൽ പ്രദർശിപ്പിക്കുന്നവരാകണമെന്ന് സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് പ്രസ്താവിച്ചു. 2018 ഫെബ്രുവരി 15 –18 വരെ പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരി ബോയ്സ് ഹോസ്റ്റൽ ഗ്രൗണ്ടിൽ ച്ച് നടത്തപ്പെട്ട ജനറൽ കൺവൻഷൻ ഉത്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു. മദ്ധ്യകേരളത്തിൽ കത്തിപടർന്ന പരിശുദ്ധാത്മാവിന്റെ അഗ്നിയാണ് ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് എന്നും പറഞ്ഞു. കർത്താവ് തന്റെ സഭയുടെ മേൽ നിരന്തരം പരിശുദ്ധാമാനാം എണ്ണ പകർന്നുകൊണ്ടിരിക്കുന്നതിനാൽ സഭയുടെ അഗ്നി കെട്ടുപോകയില്ലന്നും അതാണ് സഭയുടെ വിജയമെന്നും ഓർപ്പിച്ചു. 90 ശതമാനം ദൈവകൃപയും 10 ശതമാനം കഠിനാദ്ധ്വാനവും ഉണ്ടങ്കിൽ മാത്രമേ സഭ വളരുകയുള്ളു എന്നു പറഞ്ഞു. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ആശ്വാസവും കൃപയും ലഭിക്കം. ദൈവം ആശ്വാസപ്രദനാണ്. ദൈവത്തിനുമാത്രമേ മനുഷ്യന്റെ സകല പ്രശ്നങ്ങൾക്കും പൂർണ്ണപരിഹാരം വരുത്തുവാൻ കഴിയുകയുള്ളു. ദൈവത്തെ ദൈവമായി അംഗീകരിക്കാത്ത ഒരു വ്യക്തിക്കും ഹൃദയാന്തർഭാഗത്ത് ഒരിക്കലും സമാധാനം ഉണ്ടായിരിക്കില്ലെന്നും പറഞ്ഞു. ദൈവവചനപ്രവചനങ്ങൾ നിവർത്തിയാകുന്നത് കാണുമ്പോൾ പ്രതീക്ഷ കൈവിടാതെ ദൈവകൃപ ജീവിതത്തിൽ പ്രദർശിപ്പിച്ച് മുന്നേറുവാൻ കഴിയട്ടെ എന്നും ഓർപ്പിച്ചു.

കൺവൻഷൻ വിവിധ സെഷനുകളിലായി ഡോ.അലക്സാണ്ടർ ഫിലിപ്പ്, ഡോ. ജെയ്സൺ തോമസ്, പാസ്റ്റർമാരായ രാജു എബ്രഹാം, എൻ.സി.ജോസഫ് പി.സി.ചെറിയാൻ, വി.സി. യോഹന്നാൻ, റെജി കെ.തോമസ്, ഡോ. ജെസ്സി ജെയ്സൺ എന്നിവർ പ്രസംഗിച്ചു. സ്നാനം, പാസ്റ്റേഴ്സ് കോൺഫ്രൻസ്, വനിതാ സമ്മേളനം, സണ്ടേ സ്കൂൾ യൂത്ത്ഫെലോഷിപ്പ് വാർഷിക സമ്മേളനം എന്നിവ നടത്തപ്പെട്ടു. ഞായറാഴറ സഭാ പ്രസിഡന്റ് റവ. തോമസ് ഫലിപ്പിന്റെ നേതൃത്വത്തിൽ വിശുദ്ധ കർത്ത്യമേശയോടു കൂടി നടന്ന സഭായോഗത്തോടെ കൺവൻഷൻ സമാപിച്ചു. നുറുകണക്കിന് വിശ്വാസികൾ സംബന്ധിച്ച് അനുഗ്രഹിതരായി. പ്രയ്സ് വോയ്സ് മല്ലപ്പള്ളി ഗാന ശുശ്രൂഷ നിർവഹിച്ചു.




ഐപിസി കർണാടക സ്റ്റേറ്റ് വാർഷിക കൺവൻഷൻ സമാപനദിന സംയുക്ത ആരാധനയിൽ പാസ്റ്റർ സാം ജോർജ് വചന പ്രഭാഷണം നടത്തുന്നു.

# ഐപിസി കർണാടക സ്റ്റേറ്റ് കൺവൻഷൻ സമാപിച്ചു

**ചാക്കോ കെ. തോമസ്**

ബെംഗളൂരു: 'ആദ്യനൂറ്റാണ്ടിലെ വിശ്വാസികൾ പറഞ്ഞിരുന്ന പോലെ മരണത്തെയും പാതാളത്തെയും ജയിച്ച യേശു മടങ്ങി വരുമെന്ന് പ്രത്യാശയോടെ പറയുന്നവരായിരിക്കണം വിശ്വാസികൾ എന്ന് ഐപിസി കർണാടക മിഷൻ ഡയറക്ടർ പാസ്റ്റർ സാം ജോർജ് പറഞ്ഞു. ഫെബ്രുവരി 7–11 വരെ ഹൊറമാവ് അഗര ഐപിസി ഹെഡ്ക്വാർട്ടേഴ്സ് ഗ്രൗണ്ടിൽ നടന്ന ഐപിസി കർണാടക സ്റ്റേറ്റ് 31–ാമത് വാർഷിക കൺവൻഷന്റെ സമാപന ദിന സംയുക്ത ആരാധനയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സഭകൾ ആദ്യകാല അനുഭവത്തിലേക്കും ഉണർവിലേക്കും മടങ്ങി വരണമെന്നും ക്രിസ്തുവിന്റെ രണ്ടാം വരവിനായി ഏവരും പ്രത്യാശയോടെ കാത്തിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഐപിസി ദേശീയ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ്, കർണാടക ഐ പി സി പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി. തോമസ് എന്നിവരും പ്രസംഗിച്ചു. വൈസ് പ്രസിഡന്റ് പാസ്റ്റർ കെ.എസ്. ജോസഫ് തിരുവത്താഴ ശുശ്രൂഷ നിർവഹിച്ചു. സെക്രട്ടറി പാസ്റ്റർ വർഗീസ് മാത്യൂ അദ്ധ്യക്ഷനായിരുന്നു. ഹൊറമാവ് അഗര ഐപിസി ഹെഡ് ക്വാർട്ടേഴ്സ് ഗ്രൗണ്ടിൽ നടന്ന കൺവൻഷനിൽ ബൈബിൾ ക്ലാസ്, പൊതുയോഗം, ബൈബിൾ കോളേജ് വിദ്യാത്ഥികളുടെ ബിരുദധാനം, സോദരിസമാജം സമ്മേളനം, പിവൈപിഎ സൺഡേ സ്ക്കൂൾ വാർഷിക സമ്മേളനം, സുവിശേഷയോഗം, ഗാനശുശ്രൂഷ എന്നിവയും യുവജന വിഭാഗമായ പിവൈപിഎ ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പും സഭാ ശുശ്രൂഷകന്മാരായ 50 പേർക്ക് സൗജന്യ മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയും നടത്തി. പാസ്റ്റർമാരായ ജോസ് മാത്യു, ഏബ്രഹാം മാത്യൂ വല്യത്ത് എന്നിവരുടെ നേതൃത്വത്തിൽ കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിച്ചു. കർണാടക ബൈബിൾ കോളേജിലെ 26 വിദ്യാർഥികളുടെ ബിരുദദാനം ഐസിപിഎഫ് ദേശീയ സെക്രട്ടറി ഡോ. സി.റ്റി. ലൂയിസ് കുട്ടി, മുൻ ഒ.എം. ബുക്സ് മാനേജിംഗ് ഡയറക്ടർ ഡോ. ഷാജി കെ. ജോൺ എന്നിവർ നിർവഹിച്ചു. കെബിസി രജിസ്ട്രാർ പാസ്റ്റർ.ജോൺ മാത്യു അദ്ധ്യക്ഷനായിരുന്നു.

അഞ്ച് ദിവസമായി നടന്ന കൺവൻഷനിൽ പാസ്റ്റർമാരായ തോമസ് ഫിലിപ്പ് വെൺമണി, ബാബു ചെറിയാൻ പ്രിറവം), ഷിബു തോമസ് (യു.എസ്), സുനിൽ ജോൺ ഡിസൂസ (ഉടുപ്പി) എന്നിവർ വചന പ്രഭാഷണം നടത്തി.

പാസ്റ്റർമാരായ സജി വർഗീസ്, ടി.എസ്. മാത്യൂസ്, കെ.കെ. സാജൻ, ഡോ.ഏബ്രഹാം മാത്യൂ വല്യത്ത്, ടി.സി. തോമസ്, വിജു ഐ. മാത്യു, ലാൻസൻ മത്തായി, ഒ.റ്റി. തോമസ് എന്നിവർ വിവിധ സെക്ഷനുകളിൽ അദ്ധ്യക്ഷരായിരുന്നു.

കർണാടകയിലെ 30 ജില്ലകളിൽ നിന്നുള്ള ശുശ്രൂഷകരും വിശ്വാസികളുമായി അയ്യായിരത്തിൽപരം പേർ സംയുക്ത ആരാധനയിൽ പങ്കെടുത്തു.

## പാസ്റ്റർ ജേക്കബ് ജോണിന്റെ കത്ത്

# ഒന്നുകൂടാം പ്രാർത്ഥനയ്ക്കായ്



പ്രിയപ്പെട്ട ദൈവദാസന്മാർക്കും ദൈവജനത്തിനും വേഗം വരുന്ന ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം,

ഏപ്രിൽ മാസം 10-ാം തീയതി തിരുവല്ലയിലെ പബ്ലിക് സ്റ്റേഡിയത്തിൽ എല്ലാ പെന്തെക്കോസ്തു സഭകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടക്കുവാൻ പോകുന്ന 12 മണിക്കൂർ തുടർമാന പ്രാർത്ഥനാസംഗമത്തെക്കുറിച്ച് ഇതിനകം അറിഞ്ഞു കാണുമല്ലോ. നമ്മുടെ രാജ്യത്തെ ഓർത്ത് പ്രാർത്ഥിക്കുവാനും, രാജ്യത്തിനു വേണ്ടി ഇടുവിൽ നിൽക്കാനും നമുക്ക് കടപ്പാടുണ്ട്. ഭാരതത്തിൽ മാറിവരുന്ന രാഷ്ട്രീയ, സാമൂഹ്യഅന്തരീക്ഷത്തിൽ ക്രിസ്തീയ സഭകൾ ഒട്ടനവധി വെല്ലുവിളികളിലൂടെ കടന്നു പോവുകയാണ്. ദൈവജനം ഐക്യതയോടെ പ്രാർത്ഥനയ്ക്കായി മുട്ടുമടക്കിയാൽ നമ്മുടെ രാജ്യം അനുഗ്രഹിക്കപ്പെടും ദൈവസഭകൾ ഉണർത്തപ്പെടും.

പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ ആദ്യമായാണ് എല്ലാ സഭകളും ഒന്നിച്ച് പ്രാർത്ഥനയ്ക്കായി ഒന്നിച്ചു കൂടുവാൻ തീരുമാനിച്ചത്. ദൈവം നൽകിയ ഒരു പ്രത്യേക നിയോഗം ഞാൻ മറ്റ് സഭാനേതാക്കളുമായി പങ്ക് വയ്ക്കുകയായിരുന്നു. എല്ലാവരും ഒരു മനസ്സോടെ ഈ തീരുമാനത്തോടൊപ്പം നിൽക്കാൻ തയ്യാറായി. കുമ്പനാട് കൺവൻഷനിൽ എല്ലാ സഭകളുടെയും നേതൃത്വം വഹിക്കുന്ന ദൈവദാസന്മാർ ഒന്നിച്ച് പങ്കെടുത്തു. ക്രിസ്തുവിലുള്ള സ്നേഹബന്ധത്തിൽ ആത്മാവിന്റെ ഐക്യതയിൽ നാം ഒന്നായി കൂടുമ്പോൾ സ്വർഗം സന്തോഷിക്കുമെന്നതിന് സംശയമില്ല.

ഏപ്രിൽ 10ന്റെ പ്രാർത്ഥനയിൽ പതിനായിരക്കണക്കിന് ദൈവജനം ഒന്നിച്ചു കൂടുകയാണ്. ഈ വലിയ സംരംഭത്തിനായി എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. സഭയായി ഈ പ്രാർത്ഥനാസംഗമത്തിൽ പങ്കെടുക്കുവാൻ ഇപ്പോഴേ ഒരുങ്ങുക.

വലിയ ക്രമീകരണങ്ങൾ ഈ സമ്മേളനത്തിനായി ഒരുക്കുന്നു. വിശാലമായ പന്തൽ, വരുന്നവർക്കുള്ള ഭക്ഷണം തുടങ്ങിയ നിരവധി കാര്യങ്ങൾ ഭംഗിയായി ക്രമീകരിക്കപ്പെടണം. സാമ്പത്തിക ആവശ്യങ്ങൾ നിവർത്തിക്കപ്പെടണം. ബന്ദ്, പ്രകൃതിക്ഷോഭം തുടങ്ങിയ തടസ്സങ്ങൾ ഉണ്ടാകരുത്. ഈ പ്രാർത്ഥന ഒരു ആത്മീയ ഉണർവ്വായി എല്ലാ സഭകളിലേക്കും കത്തിപ്പടരണം. ദൈവജനം സഭാവിഭാഗവ്യത്യാസമില്ലാതെ ഏക മനസ്സോടെ ഒന്നിച്ചു നിൽക്കണം - ഇന്നു മുതൽ ആത്മാർത്ഥതയോടെ ഈ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുക.

തിരുവല്ലയിൽ ദേശീയ പ്രാർത്ഥനാദിനത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നു. പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യുവാൻ സൗകര്യമുണ്ട്. ഫോണിലൂടെയും രജിസ്റ്റർ ചെയ്യാം. കേരളത്തിലെ 15 പ്രമുഖ പട്ടണങ്ങളിൽ സംയുക്ത ഏകദിന കൺവൻഷനുകൾ ക്രമീകരിക്കുന്നു. ഫോൺനമ്പർ ലഭ്യമാകുന്ന എല്ലാ വിശ്വാസികളെയും നേരിട്ട് വിളിച്ച് ഈ പ്രാർത്ഥനയെക്കുറിച്ച് അറിയിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നു. ഇങ്ങനെ നിരവധി പ്രചരണപരിപാടികളും ഇതോടനുബന്ധിച്ച് നടക്കുന്നു.

ഈ പ്രവർത്തനങ്ങളിൽ എല്ലാ ദൈവദാസന്മാരുടെയും ദൈവജനത്തിന്റെയും ആത്മാർത്ഥ സഹകരണം ഞാൻ അപേക്ഷിക്കുന്നു. ദയവായി താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ക്രിസ്തുവിൽ നിങ്ങളുടെ

**പാസ്റ്റർ ജേക്കബ് ജോൺ** (ഐ.പി.സി ജനറൽ പ്രസിഡന്റ്)

**ഫോൺ: 93495 00155, 90747 63874, 90747 68667**



# സഭാ നേതാക്കൾ കുമ്പനാട്ട്

## പ്രാർത്ഥനയ്ക്ക് കൈകൊടുത്ത് പെന്തെക്കോസ്ത് സഭാ നേതാക്കൾ

കുമ്പനാട്: കേരളത്തിലെ പ്രമുഖ പെന്തെക്കോസ്ത് നേതാക്കളൊന്നിച്ച് കുമ്പനാട് കൺവൻഷൻ വേദിയിൽ. ചരിത്രത്തിലാദ്യമായാണ് എല്ലാ പെന്തെക്കോസ്ത് സഭകളുടെയും നേതാക്കൾ ഒരുമിച്ച് കുമ്പനാട് കൺവൻഷനിൽ വേദി പങ്കിടുന്നത്. ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ ക്ഷണമനുസരിച്ചാണ് എല്ലാ നേതാക്കളും ഒരുമിച്ച് കുമ്പനാട്ടെത്തിയത്. ഐ.പി.സി. കൗൺസിൽ ഹാളിൽ ഐ.പി.സി. ജനറൽ സ്റ്റേറ്റ് എക്സിക്യൂട്ടീവുമായി ചർച്ച നടത്തി. ഏപ്രിൽ 10നു തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടത്തുന്ന 12 മണിക്കൂർ പ്രാർത്ഥനാ സമ്മേളനത്തെക്കുറിച്ച് നേതാക്കൾ ചർച്ച ചെയ്തു. കേരളത്തിലെ എല്ലാ പെന്തെക്കോസ്ത് സഭകളും ഒന്നിച്ച് നടത്തുന്ന ഏകദിന പ്രാർത്ഥനയിലൂടെ ദൈവം അത്ഭുതങ്ങൾ ചെയ്യുമെന്ന് നേതാക്കൾ ഒരേ സ്വരത്തിൽ പറഞ്ഞു.

തുടർന്ന് കുമ്പനാട് കൺവൻഷൻ വേദിയിലെത്തിയ സഭാ നേതാക്കൾക്ക് സഭ ഹൃദ്യമായ സ്വീകരണം നൽകി. സഭാ നേതാക്കളായ പാസ്റ്റർ കെ.സി. സണ്ണിക്കുട്ടി (ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ), പാസ്റ്റർ പി. ജെ. തോമസ് (ദൈവസഭ കല്ലുമല), പാസ്റ്റർ ഒ.എം. രാജുക്കുട്ടി (ഡബ്ല്യു.എം.ഇ), പാസ്റ്റർ തോമസ് ഫിലിപ്പ് (ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച്), പാസ്റ്റർ വി.എ. തമ്പി (ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്), പാസ്റ്റർ ആർ. ഏബ്രഹാം (ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്), പാസ്റ്റർ സി.സി. തോമസ് (ചർച്ച് ഓഫ് ഗോഡ്), പാസ്റ്റർ ഫിന്നി ജേക്കബ് (ശാരോൻ), പാസ്റ്റർ പി.എസ്. ഫിലിപ്പ് (അസംബ്ലീസ് ഓഫ് ഗോഡ്) എന്നിവരാണ് കുമ്പനാട്ടെ വേദിയിലെത്തിയത്.

ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ നേതാക്കളെ സദസ്സിന് പരിചയപ്പെടുത്തി. പാസ്റ്റർ ജേക്കബ് ജോൺ എല്ലാവർക്കും നന്ദി പറഞ്ഞു. പാസ്റ്റർ വത്സൻ ഏബ്രഹാം സംയുക്ത പ്രാർത്ഥനക്ക് നേതൃത്വം നൽകി.




## ഇന്ത്യയ്ക്കായി പ്രാർത്ഥിക്കുവാൻ ദൈവം നിങ്ങളെ വിളിക്കുന്നു

# ദേശീയ പ്രാർത്ഥനാദിനം

**2018 ഏപ്രിൽ 10 ചൊവ്വ**
(രാവിലെ 8 മുതൽ വൈകിട്ട് 8 വരെ)
**പബ്ലിക് സ്റ്റേഡിയം, തിരുവല്ല**

**പ്രമോഷണൽ കൺവൻഷൻ കോട്ടയത്ത്**
മാർച്ച് 11 ഞായറാഴ്ച വൈകിട്ട് 6 ന്
ഐ.പി.സി. സയോൺ ടാബർനാക്കിളിൽ
പാസ്റ്റർ ബാബു ചെറിയാൻ പ്രസംഗിക്കുന്നു

വോളന്റിയേഴ്സ് ആകുവാൻ താല്പര്യമുള്ളവർ വിളിക്കുക
**90747 63874, 90747 68667, 93495 00155**

പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ
ജനറൽ കോർഡിനേറ്റർ

• 12 മണിക്കൂർ പ്രാർത്ഥന • എല്ലാ പെന്തെക്കോസ്ത് സഭാനേതാക്കളും സംയുക്തമായി നേതൃത്വം നൽകുന്നു • പതിനായിരക്കണക്കിന് ദൈവജനം ഒന്നിച്ചുകൂടുന്നു • വിപുലമായ ക്രമീകരണങ്ങൾ • അതിവിശാലമായ പന്തൽ • യാത്രാ ക്രമീകരണങ്ങൾ • എല്ലാവർക്കും ഭക്ഷണം • രാജ്യത്തെ മാറിവരുന്ന സാമൂഹ്യരാഷ്ട്രീയ അന്തരീക്ഷത്തിൽ ഐക്യതയോടെ ദൈവജനം പ്രാർത്ഥനയ്ക്കായി കൈകോർക്കുന്നു.

ഞങ്ങൾ പ്രാർത്ഥനയ്ക്കായി ഒന്നിക്കുന്നു. നിങ്ങളും ഒരുങ്ങുക... പങ്കെടുക്കുക...



PR. JACOB JOHN I.P.C | PR. K.C.JOHN I.P.C | PR. T.J.SAMUEL A.G | PR. P.S. PHILIP A.G | PR. V.T. ABRAHAM A.G | PR. C.C. THOMAS C.O.G. | PR. Y. REJI C.O.G. | PR. J. JOSEPH C.O.G. | PR. K.C. THOMAS IPC(KERALA) | PR. SHIBU NEDUVELIL IPC(KERALA) | PR. K.C.SUNNYKUTTY C.O.G. - REGION

PR. JOHN THOMAS SHARON | PR. T.P. ABRAHAM SHARON | PR. V.A. THAMPI NEW INDIA | PR. R. ABRAHAM NEW INDIA | PR. O.M. RAJUKUTTY WME | PR. JOY CHANDY COG KALLUMALA | PR. THOMAS PHILIP NIBC | PR. G.J. ALEXANDER PMG CHURCH | PR. ALEXANDER DANIEL COG TAZHAKKARA | PR. JERAMIAH SUNDARAM SIACG | PR. DANIEL AYROOR FGC

**രാജ്യത്തിനു വേണ്ടി ഇടിവിൽ നിൽക്കാൻ ഒരു ദിനം... വരൂ നമുക്കൊരുമിച്ച് മുട്ടു മടക്കാം**

## പ്രകാശനം ചെയ്തു



പാസ്റ്റർ സി.പി. മോനായി എഴുതിയ 'യേശുക്രിസ്തുവിന്റെ മലയിലെ പ്രസംഗം' എന്ന ഗ്രന്ഥം ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ജനറൽസെക്രട്ടറി പാസ്റ്റർ കെ.സി. ജോണിനു നൽകി പ്രകാശനം ചെയ്യുന്നു. ഐ.പി.സി. ട്രഷറർ സജി പോൾ, വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ്, ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ജോർജ്ജ് മത്തായി സി.പി.എ., ഗ്രന്ഥകാരൻ തുടങ്ങിയവർ സമീപം.

## പതിനഞ്ചാമത് ചേറ്റുകുഴി കൺവൻഷൻ

ചേറ്റുകുഴി: ഗോസ്പൽ ഫോർ ദി ഡിസേബിൾഡ് ഇൻ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ചേറ്റുകുഴി ഗ്രെയ്സ് വികലാംഗപുനരധിവാസകേന്ദ്രത്തിൽ വച്ച് ഫെബ്രുവരി 17 ശനി മുതൽ 19 തിങ്കൾ വരെ പതിനഞ്ചാമത് ചേറ്റുകുഴി കൺവൻഷൻ നടത്തപ്പെടുന്നു. പാസ്റ്റർമാരായ കെ.ജെ.തോമസ് കുമളി, എബി ഏബ്രഹാം പത്തനാപുരം, വർഗീസ് ജോഷ്വാ മണ്ണടിശാല എന്നിവർ ദൈവവചനം സംസാരിക്കുന്നു. ജി.എഫ്.ഡി.ഐ പ്രസിഡന്റ് പാസ്റ്റർ സി.കെ.കുര്യന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന പ്രഥമ യോഗം പാസ്റ്റർ എം. ഐ. കുര്യൻ (ഐ.പി.സി സെന്റർ മിനിസ്റ്റർ) ഉത്ഘാടനം ചെയ്യും. ഗ്രെയ്സ് വോയ്സ് കോട്ടയം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. കൺവൻഷൻ കൺവീനറായി പാസ്റ്റർ വി.ജെ.തോമസ് ഏലപ്പാറ പ്രവർത്തിക്കുന്നു.

ഇവാ. സന്തോഷ് വർഗീസ്

## ശാരോൻ റൈറ്റേഴ്സ് ഫോറം ഏകദിന സെമിനാർ ഏപ്രിൽ 7 ന് കൊട്ടാരക്കരയിൽ

തിരുവല്ല: ശാരോൻ റൈറ്റേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിലുള്ള ഏകദിന സെമിനാർ ഏപ്രിൽ 7 ശനി രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ കൊട്ടാരക്കര ടൗൺ ശാരോൻ ചർച്ചിൽ നടക്കും. വർക്ക്ഷോപ്പും താലന്ത് പരിശോധനയും നടക്കും. പ്രമുഖ എഴുത്തുകാർ അതിഥികളായി എത്തും. ശാരോനിലെ സാഹിത്യാഭിരുചിയുള്ള ആർക്കും പങ്കെടുക്കാം. പ്രസിഡന്റ് പാസ്റ്റർ സാം റ്റി. മുഖത്തല, സെക്രട്ടറി പാസ്റ്റർ അനീഷ് കൊല്ലൻകോട് തുടങ്ങിയവർ നേതൃത്വം നൽകും.

കൂടുതൽ വിവരങ്ങൾക്ക്: 7025057073, 9846968028.

## നിത്യതയിൽ



**ഫിൽബി ഉമ്മൻ**

ദുബായ്: ഐപിസി ജനറൽ ട്രഷറർ സജി പോളിന്റെ സഹോദരീഭർത്താവ് ദുബായ് എബനേസർ ഐപിസി സഭാംഗം ഫിൽബി ഉമ്മൻ (48) ഫെബ്രുവരി 9 ന് നിത്യതയിൽ ചേർക്കപ്പെട്ടു. പാസ്റ്റർ ഉമ്മൻ വർഗീസിന്റെ മകനും തിരുവനന്തപുരം താബോർ ഐപിസി സഭാംഗവുമാണ്. സംസ്കാരം 12 ന് തിരുവനന്തപുരം താബോർ സഭാ സെമിത്തേരിയിൽ നടന്നു. ദുബായ് എബനേസർ ഐപിസി സഭയെ പ്രതിനിധീകരച്ചു പാസ്റ്റർ റെജിമോൻ ജേക്കബ് പങ്കെടുത്തു. ഭാര്യ: ലൗലി. ഏക മകൾ: പ്രിസ്കില്ല.



**എം.വൈ. ലാലച്ചൻ**

പുനലൂർ: അബുദബി ബെഥേൽ ഏജി സഭാംഗം റോബിൻ ലാലച്ചന്റെ പിതാവ് നരിക്കൽ മൂപ്പരേത്ത് ശാരോൻ ഭവനത്തിൽ എം.വൈ. ലാലച്ചൻ (62) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം നരിക്കൽ ഏജി സെമിത്തേരിയിൽ നടത്തി. ഭാര്യ: ലാലി. ഷേരൻ (ബാംഗ്ലൂർ) മകളാണ്. മരുമക്കൾ: ജിസ, ജയൻ.

## ആധുനിക പ്രവണതകൾ

(4-ാം പേജ് തുടർച്ച)

ധനത്തിൽ ക്രിസ്തു വിവാഹമോചനത്തെ നിരസിച്ചു (മർക്കൊ. 10:9). ഇന്നു ദൈവമക്കൾ എന്നഭിമാനിക്കുന്നവരിൽപോലും വിവാഹമോചനവും പുനർവിവാഹവും നടക്കുന്നു.

'വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം' എന്ന യേശുകർത്താവിന്റെ വാക്കുകൾ പൗലൊസ് അപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നു (അപ്പൊ. 20:35). സകലവും കീഴടക്കാനുള്ള ആർത്തിക്കിടയിൽ ഈ വചനം പലപ്പോഴും പാലിക്കപ്പെടുന്നില്ല.

ഇന്നു ക്രിസ്തുവിനെ ഉയർത്തുന്നതിനു പകരം പലരും പ്രസംഗവേദികളിൽ സ്വയം പുകഴുന്നു. 'സുവിശേഷയോഗങ്ങൾ' എന്നാണ് ഇവയും അറിയപ്പെടുന്നത്. ഫിലിപ്പൊസ് ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയുംകുറിച്ചുള്ള സുവിശേഷം പ്രസംഗിച്ചതായി കാണുന്നു. പൗലൊസും ബർന്നബാസും 'ജീവനുള്ള ദൈവത്തിങ്കലേക്കു തിരിയണം' (അപ്പൊ. 14:15) എന്നു പ്രസംഗിച്ചു. ക്രിസ്തുവിന്റെ സ്നേഹവും ദൈവകൃപയും പ്രസംഗിക്കപ്പെടേണ്ട വേദികളിൽ പലരും സ്വയം പുകഴുകയാണ്.

ഇന്നത്തെ ഗ്രൂപ്പിസം മറ്റൊരു പ്രധാനകാര്യമാണ്. ക്രിസ്തു മാത്രമേ മനുഷ്യനുവേണ്ടി മരിച്ചിട്ടുള്ളൂവെങ്കിലും വിവിധ നേതാക്കന്മാരുടെ കീഴിൽ ദൈവജനം പല തട്ടുകളായി തിരിയുകയും വാക്പോര് നടത്തി പരസ്പരം ചെളിവാരിയെറിയുകയും ചെയ്യുന്നു.

ആത്മാവിലും സത്യത്തിലുമുള്ള ആരാധന അന്യമാകുന്നു. എല്ലാം ഒരു പ്രഹസനമായി മാറിയിരിക്കുന്നു. ആരാധനയിൽ ദൈവഭയമില്ല. പൂർണശക്തിയോടും പൂർണമനസോടും പൂർണ ആത്മാവോടും ആരാധിക്കേണ്ടതിനു പകരം ആരാധനയ്ക്കിടയിലും മൊബൈൽഫോൺ ഉപയോഗിക്കുന്നതിനോ, മെസേജുകൾ അയയ്ക്കുന്നതിനോ യാതൊരു മടിയുമില്ല.

യേശു തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുത്തത് പ്രാർഥനയ്ക്കുശേഷമാണ്. ആദിമസഭയിൽ ആത്മാവും ജ്ഞാനവും നിറഞ്ഞ, നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ ഭൗതികകാര്യങ്ങളുടെ മേൽനോട്ടത്തിനായി തിരഞ്ഞെടുത്തു. ഇന്നു പല ആത്മീയ പ്രസ്ഥാനങ്ങളിലും അനാത്മീകർ നേതാക്കന്മാരാകുന്നു. പണക്കൊഴുപ്പും സഭാരാഷ്ട്രീയവും മാത്രമാണ് അതിന്റെ മാനദണ്ഡം. അതിനാൽ ജനങ്ങൾക്കു ശരിയായ ആത്മികദർശനം പകർന്നുനൽകാൻ അവർക്കു കഴിയുന്നില്ല.

വാർത്താവിനിമയ മാധ്യമങ്ങളുടെ അതിപ്രസരം കാരണം പ്രാർഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കാൻ ശുശ്രൂഷകൾക്കു പോലും കഴിയുന്നില്ല. ആത്മീയ കൂട്ടായ്മാബന്ധം ഇന്ന് അന്യമായി, പരസ്പരം സഹായിക്കുന്നതിനോ, അന്യോന്യം ഭാരങ്ങളെ ചുമക്കുന്നതിനോ, രോഗികളായവർക്കുവേണ്ടി പ്രാർഥിക്കാനോ പലപ്പോഴും വിശ്വാസികൾക്കു കഴിയുന്നില്ല. 'വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും' എന്ന യേശുവിന്റെ വാഗ്ദാനപ്രകാരമുള്ള അടയാളങ്ങളോ, അത്ഭുതങ്ങളോ പ്രാപിക്കാൻ സാധിക്കാതെ വരുന്നു. ഭക്തിയുടെ വേഷം ധരിക്കുന്ന മക്കളെക്കുറിച്ചുള്ള ഭാരമോ, അവരെ ആത്മീയ അന്തരീക്ഷത്തിൽ വളർത്തേണ്ടതിന്റെ ആവശ്യകതയോ മനസിലാക്കുന്നില്ല.

വേർപാട് നാമമാത്രമായി അവശേഷിക്കുന്നു. വേർപാടിന്റെ പ്രതീകമായി ആഭരണവർജനം നടത്തുന്നവരും ആഡംബരം ഒട്ടും കുറയ്ക്കുന്നില്ല. പ്രസംഗത്തിനൊത്തവണ്ണം ജീവിതം ക്രമപ്പെടുത്താൻ പലർക്കും കഴിയുന്നില്ല. ജീവിതമൂല്യങ്ങൾ നഷ്ടപ്പെട്ടു. 'ഗിരിപ്രഭാഷണങ്ങൾ' എന്നറിയപ്പെടുന്ന മത്തായി 5 - 7 വരെയുള്ള അധ്യായങ്ങളിൽ പ്രതിപാദിക്കുന്ന ഉയർന്ന ധാർമികനിലവാരം പുലർത്താൻ കഴിയാതെവരുന്നു.

സുവിശേഷത്തിനൊത്ത ജീവിതമാണ് ഇന്നത്തെ സഭയ്ക്കാവശ്യം. അങ്ങനെയെങ്കിൽ സഭ ലോകത്തിനു മാതൃകയാകും. ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരാകാതെ ഉപദേശത്തിൽ നിലനിൽക്കാം. "നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറച്ചുനിൽക്കുക. അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും" (1 തിമൊ. 4:16).



കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

## എല്ലാവരും ലൈവിലാണ്; ഞാനും!

ലൈവ് പ്രഭാഷകരുടെ പ്രളയകാലമാണിപ്പോൾ, ചെറുതും വലുതുമായ നൂറുകണക്കിനു ഫെയ്സ്ബുക്ക് ഗ്രൂപ്പുകൾ നമുക്കുണ്ട്. അതുകൂടാതെ, വ്യക്തിപരമായി ലൈവ് ഇറക്കുന്നവർ വേറെയും. എല്ലാ മാസവും വിഷയകേന്ദ്രീകൃതമായി പ്രശസ്തരും അപ്രശസ്തരുമായവരുടെ ആശയങ്ങൾ ജനങ്ങളിൽ എത്തിക്കുന്നവരും ഉണ്ട്. ഒരുമാസം മുഴുവൻ ഒരു വിഷയത്തെത്തന്നെ ആധാരമാക്കി വ്യത്യസ്ത വീക്ഷണക്കോണുകളിൽ നിന്ന് പഠനാത്മകമായി കാര്യങ്ങൾ അവതരിപ്പിക്കാറുണ്ട്. വിവിധ മേഖലകളിൽ പ്രവൃത്തിക്കുന്നവരുടെ, അവരുടെ നിലവാരത്തിലുമുള്ള മെസേജ് നമുക്കു കേൾക്കാൻ കഴിയുന്നു.

ലൈവ് മെസേജുകളുടെ മറ്റൊരു പ്രത്യേകത, ഉടനടി കാണാൻ സാധിച്ചില്ലെങ്കിലും 'നമ്മുടെ സമയത്ത്' നമുക്കു കാണാൻ കഴിയും എന്നുള്ളതാണ്. ടിവിയുടെ മുൻപിൽ കുത്തിയിരിക്കുന്നതുപോലെ ഇരിക്കേണ്ടതില്ല. നമുക്കു സമയുള്ളപ്പോൾ കാണാൻ കഴിയുന്നു. നമ്മുടെ കൈക്കുമ്പിളിലും പോക്കറ്റിലുമാണ് ഈ ലൈവുകാർ ഇപ്പോൾ! എപ്പോൾവേണമെങ്കിലും കാണാം.

ഇനി ലൈവ് പ്രവാചകന്മാരുണ്ട്; സഹൃദയരായ എന്റെ വായനക്കാർ ശ്രദ്ധിച്ചിട്ടുണ്ടാകും എന്നു കരുതുന്നു. ശാന്തമായി നാം അതൊന്നു വീക്ഷിക്കണം, വിലയിരുത്തണം. സ്ക്രീനിൽ തെളിഞ്ഞു കാണുന്ന കമന്റുകൾ വായിച്ച്, അപ്പോൾത്തന്നെ 'പരിഹാരക്രിയ' പറഞ്ഞുതരുന്നു ജ്യോതിഷന്മാർ അരോചകം സൃഷ്ടിക്കുന്നു എന്നു പറയാതിരിക്കാൻ തരമില്ല. പ്രോത്സാഹനത്തിന്റെ കമന്റുകൾ വായിക്കുമ്പോൾ അവർക്ക് ആവേശംകൂടും. നിരുത്സാഹത്തിന്റെയോ വിമർശനത്തിന്റെയോ കണ്ടാൽ ശപിക്കാനും ഇക്കൂട്ടർ മടിക്കില്ല. എല്ലാംകൂടി കാണുമ്പോൾ ഏതാണ്ട് ഒരിത്!

നല്ല ലൈവ് മെസേജുകൾ ഉള്ളപ്പോൾതന്നെ, നിലവാരത്തകർച്ചയെക്കുറിച്ച് പറയാതിരിക്കാൻ തരമില്ല. വായിച്ച വാക്യത്തോടു നീതിപുലർത്തുന്നവരും വെറുതെ എന്തൊക്കെയോ പുലമ്പുന്നവരും ലൈവ് വികൃതമാക്കുന്നു. അതുകൊണ്ട് പല പ്രമുഖന്മാരും ലൈവുചെയ്യാൻ മടിക്കുന്നു. പക്ഷേ, ഇതിനൊന്നും ഒരു മാറ്റമുണ്ടാകില്ല. നമ്മുടെ നാലുചുമരുകൾക്ക് ഉള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് പ്രസംഗിക്കുന്നതുപോലെ അല്ലിത്, ലോകം മുഴുവൻ കാണുമെന്നും ശ്രദ്ധിക്കുമെന്നും പ്രസംഗത്തിന്റെ ഇടയ്ക്ക് പ്രസംഗകർ ഓർത്താൽ നന്നായിരുന്നുവെന്ന് തോന്നിയിട്ടുണ്ട്. നല്ല ഗ്രൂപ്പിന്റെ നിലവാരം പോലും ചിലർ തകർത്തുകളയും എന്നതു സത്യമാണ്. പ്രസംഗം തീർന്ന് അഞ്ചുമിനിറ്റിനകം ലൈവ് ഡിലീറ്റ് ചെയ്തതുപോലും സമകാലിക സംഭവം. പിന്നെ ഓരോ ഗ്രൂപ്പിനും അതിന്റെതായ നിലവാരമുണ്ടല്ലോ? വരുംകാലങ്ങളിൽ വിജ്ഞാനപ്രദവും ആധികാരികമായി കാര്യങ്ങളെ വിലയിരുത്തുന്നതുമായ പ്രബുദ്ധരായവരുടെ ലൈവ്ഗ്രൂപ്പുകൾ ഉടലെടുക്കും എന്ന് ആശിക്കുന്നു. നല്ല ഗ്രൂപ്പുകളും പ്രഭാഷകരും ഇനിയും എഴുന്നേൽക്കട്ടെ എന്ന് ആശംസിക്കുന്നു.

ഞാനും ലൈവിൽ ഉണ്ട്...

## നിയമിതനായി



ദേശീയ പൊതു പ്രശ്നപരിഹാരകമ്മീഷന്റെ നാഷണൽ ജനറൽ സെക്രട്ടറിയായി പാസ്റ്റർ ഷാജു ജോസഫ് നിയമിതനായി. തൃശ്ശൂർ ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ സീനിയർ പാസ്റ്ററും തൃശ്ശൂർ പ്രെയ്സ് മെലഡീസിന്റെ ഡയറക്ടറുമായി സേവനമനുഷ്ഠിക്കുന്നു. തൃശ്ശൂർ ജില്ലാ വനിത പ്രോട്ടക്ഷൻ ഓഫീസിലെ ഫാമിലി കൗൺസിലർ ലിസ് ഷാജു ഭാര്യയാണ്. മക്കൾ: ക്രിസ് ജെഫ് ഷാജു, കേൻഡസ് ആൻ ഷാജു. കമ്മീഷനുമായി ചേർന്നു പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ 9447027763, +91 9540919000 എന്ന നമ്പരിൽ ബന്ധപ്പെടുക.

VISITING VISA

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.

GLOBAL CARE
Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281

# CHRISTIAN WORLD

Address
Christian World, Manganam P.O.,
Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2018-2020
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില രൂ. 10/- Vol: 13 Issue No: 3 2018 March 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ


# പാസ്റ്റർ ജി.ജെ. അലക്സാണ്ടർ വീണ്ടും സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ആർ.സി. കുഞ്ഞുമോൻ സ്റ്റേറ്റ് സെക്രട്ടറി

തിരുവനന്തപുരം: പെന്തെക്കോസ്ത് മാറാനാഥ ഗോസ്പൽ ചർച്ച് കേരള സ്റ്റേറ്റ് പ്രസിഡന്റായി പാസ്റ്റർ ജി.ജെ. അലക്സാണ്ടർ വീണ്ടും തെരെഞ്ഞെടുക്കപ്പെട്ടു. പി.എം.ജി. പാളയം ചർച്ചിലെ സീനിയർ പാസ്റ്ററായ ഇദ്ദേഹം മൂന്നാം തവണയാണ് സ്റ്റേറ്റ് പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെടുന്നത്. സ്റ്റേറ്റ് സെക്രട്ടറിയായി പാസ്റ്റർ ആർ.സി. കുഞ്ഞുമോനും സ്റ്റേറ്റ് ട്രഷററായി പാസ്റ്റർ റ്റി.എം. കോശിയും തെരെഞ്ഞെടുക്കപ്പെട്ടു. ആദ്യമായി സ്റ്റേറ്റ് സെക്രട്ടറിയായി തെരെഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ആർ.സി. കുഞ്ഞുമോൻ പെന്തെക്കോസ്ത് മാറാനാഥ ഗോസ്പൽ ചർച്ച് ആട്ടുകാൽ സഭ സീനിയർ പാസ്റ്ററും എഴുത്തുകാരനുമാണ്. വെമ്പായം പിഎംജി ചർച്ച് സഭാ ശുശ്രൂഷകനാണ് പാസ്റ്റർ റ്റി.എം. കോശി. കൗൺസിൽ അംഗങ്ങളായി പാസ്റ്റർമാരായ ജോൺമാത്യു, തോമസ് വർഗ്ഗീസ്, എൻ.ജി. രാജു, കോശി ഫിലിപ്പ്, ജോമോൻ എബ്രഹാം, ഷിബു ഐപ്പ് എന്നിവരെ തെരെഞ്ഞെടുത്തു. എൻ.ജി. രാജു,ജോമോൻ എബ്രഹാം, ഷിബു ഐപ്പ് എന്നിവർ സ്റ്റേറ്റ് കൗൺസിലിലെ പുതുമുഖങ്ങളാണ്.


ജി.ജെ. അലക്സാണ്ടർ


ആർ.സി. കുഞ്ഞുമോൻ


റ്റി.എം. കോശി

ജനുവരി 26 നു തിരുവനന്തപുരം സഭാ ആസ്ഥാനമന്ദിരത്തിലെ കർമേൽ പ്രയർ ഹാളിൽ നടന്ന പി.എം.ജി. ചർച്ച് കേരള സ്റ്റേറ്റ് 39-മത് ജനറൽ ബോഡിയാണ് 2018-2020 വർഷങ്ങളിലേയ്ക്കു സ്റ്റേറ്റ് കൗൺസിൽ ഭാരവാഹികളെ തെരെഞ്ഞെടുത്തത്. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ജി.ജെ. അലക്സാണ്ടർ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ പാസ്റ്റർ കോശി ഫിലിപ്പ് സ്വാഗതം പറഞ്ഞു. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ തോമസ് വർഗ്ഗീസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സ്റ്റേറ്റ് ട്രഷറാർ പാസ്റ്റർ റ്റി.എം. കോശി വരവു ചെലവു കണക്ക് അവതരിപ്പിച്ചു. പാസ്റ്റർ ടി.ജി. ജോസ് കൃതജ്ഞത അറിയിച്ചു. ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.കെ. ജോസഫ് വരണാധികാരിയായിരുന്നു.

# കീബോർഡിൽ ലോകമികവ്

## ലണ്ടൻ കോളജ് ഓഫ് മ്യൂസിക്കിന്റെ ഫെലോഷിപ്പ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടി മലയാളി

തിരുവനന്തപുരം: ലണ്ടൻ കോളജ് ഓഫ് മ്യൂസിക്കിന്റെ പെലോഷിപ്പ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടി മലയാളിയായ ഏബ്രഹാം സാമുവേൽ ജോർജ്. കീബോർഡ് പെർഫോമെൻസിൽ ഫെലോഷിപ്പ് നേടുന്ന ആദ്യ ഇന്ത്യാക്കാരൻ കൂടിയായി ഏബ്രഹാം.

2017ലെ അന്തർദേശീയ വാർഷിക ഫെലോഷിപ്പ് പരീക്ഷയിൽ 200/200 മാർക്കും നേടിയാണ് നേട്ടം. മെയ് മാസം ലണ്ടൻ കോളജ് ഓഫ് മ്യൂസിക്കിൽ നടക്കുന്ന ഗ്രാജുവേഷനിൽ വൈസ് ചാൻസലർ പീറ്റർ ജോൺ ഫെലോഷിപ്പ് നൽകും.

ഏഷ്യൻ ക്രിസ്ത്യൻ കോളജ് ഓഫ് മ്യൂസിക്സിന്റെയും സിഡിഎംഎസിന്റെയും ചീഫ് എക്സിക്യൂട്ടീവ് ആണ് ഏബ്രഹാം. കാസിയോ ഇലക്ട്രോണിക് കീബോർഡിന്റെ ഇന്ത്യയുടെ ആർട്ടിസ്റ്റ് അംബാസിഡറുമാണ്.



# പാസ്റ്റർ ജെ. ജോസഫ് സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി



മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറിയായി പാസ്റ്റർ ജെ. ജോസഫ് വീണ്ടും തെരെഞ്ഞടുക്കപ്പെട്ടു. സ്റ്റേറ്റ് ഓവർസിയർ റവ. സി.സി. തോമസിന്റെ അധ്യക്ഷതയിൽ മുളക്കുഴയിൽ നടന്ന സ്റ്റേറ്റ് കൗൺസിലിലാണ് തെരെഞ്ഞെടുപ്പ് നടന്നത്. ജോയിന്റ് സെക്രട്ടറിയായി പാസ്റ്റർ വി.പി. തോമസും, ട്രഷററായി പാസ്റ്റർ കെ.ജി ജോണും, ജോയിന്റ് ട്രഷററായി പാസ്റ്റർ വൈ. മോനിയും തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസ് കൗൺസിൽ ചെയർമാനായി തുടരും.

ജനുവരി 9നു മുളക്കുഴയിൽ നടന്ന കൗൺസിൽ തെരെഞ്ഞെടുപ്പിൽ പാസ്റ്റർമാരായ ഷിബു കെ. മാത്യു, വിനോദ് ജേക്കബ്, വൈ. റെജി, ഏ.റ്റി. ജോസഫ്, ജെ. ജോസഫ്, തോമസ് എം. പുളിവേലിൽ, ജോസ് ബേബി, പി.എ. ജെറാൾഡ്, റ്റി.എ. ജോർജ്, ക്രിസ്റ്റഫർ റ്റി. രാജു, ഷിജു മത്തായി, ജോൺസൻ ദാനിയേൽ, കെ.ജി. ജോൺ, വൈ. മോനി, വി.പി. തോമസ് എന്നിവരെ 2018-20 വർഷത്തെ 15 അംഗ സ്റ്റേറ്റ് കൗൺസിലിനെ തെരെഞ്ഞടുത്തിരുന്നു.

പാസ്റ്റർ ജെ. ജോസഫ് വള്ളകുളം ഓണാട്ട് പാസ്റ്റർ ഒ.ജെ. ജോസഫിന്റെ മകനായി ജനിച്ചു. വിദ്യഭ്യാസനന്തരം തിരുവല്ല ശാരോൻ ബൈബിൾ കോളേജ്, ഭോപ്പാൽ ഇന്ത്യാ ഫുൾ ഗോസ്പൽ തിയോളജക്കിൽ കോളേജ് എന്നിവിടങ്ങളിൽ വേദപഠനം പൂർത്തിയാക്കി. അടൂർ സൗത്ത് ഡിസ്ട്രിക്റ്റ് പാസ്റ്ററായ ഇദ്ദേഹം കഴിഞ്ഞ ടേമിലും സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി ആയിരുന്നു. 40 വർഷത്തിലധികമായി സുവിശേഷവേലയിൽ വ്യാപൃതനായിരിക്കുന്ന ഇദ്ദേഹം ജ്യോതിമാർഗം വാർത്താ പത്രികയുടെ മാനേജിംഗ് എഡിറ്ററും പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ വൈസ് പ്രസിഡന്റും, ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ വൈസ് പ്രസിഡന്റുമായി പ്രവർത്തിക്കുന്നു. സ്റ്റേറ്റ് കൗൺസിൽ ജോയിന്റ് സെക്രട്ടറി, പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യ ജനറൽ സെക്രട്ടറി, ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യ ജനറൽ സെക്രട്ടറി, യൂത്ത് ഡയറക്ടർ, കേരളാ പെന്തെക്കോസ്തൽ ഫെലോഷിപ്പ് സംസ്ഥാന കമ്മറ്റി അംഗം എന്നി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ







Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode